കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## പട്ടാമ്പി നഗരസഭ

## ഓഡിറ്റ് റിപ്പോർട്ട്

## 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: auditlfdopkd@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി 22-2011/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്.

തീയതി: 20.11.2017.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)

പട്ടാമ്പി നഗരസഭ

സർ,

വിഷയം : പട്ടാമ്പി നഗരസഭ - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടാമ്പി നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള മുനിസിപ്പാലിറ്റി(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച

ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്: 1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)

2) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രസഹിതം)

3) റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കോഴിക്കോട് (ഉപരിപത്രം സഹിതം)

4) ഓഫീസ് പകർപ്പ്

നം.കെ.എസ്.എ-പികെഡി 22-2011/2017 തിയതി 20.11.2017.

പാലക്കാട് ജില്ലയിലെ പട്ടാമ്പി നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ നഗരപാലികാ നിയമം വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ പട്ടാമ്പി നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 3-1-2017 മുതൽ 17.10-2017 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.കൃഷ്ണകുമാർ ,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.10.2017 മുതൽ 02.11.2017വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ അരവിന്ദാക്ഷൻ.കെ.വി | ഓഡിറ്റ് ഓഫീസർ |
| | ശ്രീ സുലൈമാൻ. ഐ<br>ശ്രീ രാമകൃഷ്ണൻ.കെ.പി<br>ശ്രീമതി സരിത പി<br>ശ്രീ മുഹമ്മദ് ഹിഷാം എം | അസി.ഓഡിറ്റ് ഓഫീസർ<br>അസി.ഓഡിറ്റ് ഓഫീസർ<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| ചെയർപേഴ്സൺ | ശ്രീ കെ.പി വാപ്പുട്ടി | 1.04.16 മുതൽ 31.3.17 വരെ |
| സെക്രട്ടറി | ശ്രീ.രാജ്മോഹൻ പോറ്റി(അസി സെക്രട്ടറി-സെക്രട്ടറി ഇൻ ചാർജ്ജ്) | 1.04.16 മുതൽ 04-02-2017 വരെ |
| | ശ്രീ മുരുകൻ ആശാരി (ജൂനിയർ സൂപ്രണ്ട്) | 05-02-2017 മുതൽ 05-03-2017 വരെ |
| | ശ്രീമതി സീന എച്ച് | 06-03-2017 മുതൽ 31-03-2017 വരെ |

(സി) നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സൂപ്രണ്ട്, താലൂക്ക്ആശുപത്രി | ഡോ.മുഹമ്മദ് അബ്ദുറഹമാൻ.യു.ടി | 1.04.2016മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.അനിൽ വി | 1-4-2016 മുതൽ 31-3-2017 വരെ |
| വി.ഇ.ഒ | ശ്രീ.പ്രസാദ് | 1-04-2016 മുതൽ 31-3-2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ ഷാജി യു വി | 1-4-2016 മുതൽ 7-7-2016 വരെ |
| വെറ്ററിനറി സർജൻ | ശ്രീ.ശങ്കരനാരായണൻ | 1-4-2016 മുതൽ 31-3-2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സീനത്ത് ബീവി<br>ശ്രീമതി.കമലാവതി എം<br>ശ്രീമതി റുബീന എ | 1-4-2016 മുതൽ 30-04-2016 വരെ<br>1-5-2016 മുതൽ 8-09-2016 വരെ<br>09-09-2016 മുതൽ 31-03-17 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ജെസി എ | 1-4-2016 മുതൽ 01-06-16 വരെ |
| | ശ്രീ ജോസഫ് റെഫിൻ ജെഫ്രി | 2-06-2016 മുതൽ 18-08-16 വരെ |
| | ശ്രീ അസീസ് ഐ എടക്കളത്തൂർ | 19-08-2016 മുതൽ 12-10-16 വരെ |

| | | |
|---|---|---|
| | | 01-01-17 മുതൽ 31-03-17 വരെ |
| | ശ്രീമതിസിന്ധു വി പി | 13-10-16 മുതൽ 31-12-16 വരെ |
| മുനിസിപ്പൽ എഞ്ചിനീയർ | ശ്രീമതി ഉഷാകുമാരി പി ജി | 8-7-2016 മുതൽ 25-08-2016 വരെ |
| | ശ്രീ ഫിലിപ്പോസ് പണിക്കർ സി | 25-08-16 മുതൽ 31-03-17 വരെ |
| പ്രിൻസിപ്പാൾ, ഗവ.ഹയർ സെക്കണ്ടറി സ്കൂൾ | ശ്രീ.മഹാലിംഗം | 1-4-2016 മുതൽ 31-3-2017 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

3.3.2016 ലെ 1ാം നമ്പർ തീരുമാനം പ്രകാരം 2016-17 വർഷത്തെ പുതുക്കിയ ബജറ്റ് പാസാക്കി.

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 5.8.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 12074729 |
| വരവ് | 78756200 |
| ആകെ | 90830929 |
| ചെലവ് | 68044888 |
| നീക്കിബാക്കി | 22786041 |

# 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | അനുവദിച്ച തുക | ആകെ | ചെലവ് | ലാപ്സായ തുക | ചെലവ് ശത മാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 9539233 | 9539233 | 8870087 | 669146 | 93% |
| വികസനഫണ്ട് (എസ്.സി.പി) | 0 | 6601290 | 6601290 | 4625322 | 1975968 | 70% |
| വികസന ഫണ്ട്(ടി.എസ്.പി) | 0 | 2241 | 2241 | 2241 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 10988748 | 10988748 | 7661646 | 3327102 | 69.7% |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2614218 | 2614218 | 711328 | 1902890 | 27.2% |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4862699 | 4862699 | 2528281 | 2334418 | 51.99 |
| ലോക ബാങ്ക് സഹായം | 0 | 1622646 | 1622646 | 1382883 | 239763 | 85.2% |
| ആകെ | | 36231075 | 36231075 | 25781788 | 10449287 | 71.2% |

നഗരസഭയുടെ വികസന പ്രവർത്തനങ്ങൾക്കായി വിവിധ സ്രോതസ്സുകളിൽനിന്നും തൻവർഷം ലഭിച്ച തുകകളിൽ 1.04 കോടി രൂപ ചെലവഴിക്കാത്തതിനാൽ നഗരസഭയ്ക്കു നഷ്ടമായി. ആസൂത്രണം ചെയ്ത പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ

ഭരണസമിതിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും കൂട്ടായ ശ്രമം ആവശ്യമാണ്. ലഭ്യമാകുന്ന തുകകളെ പരമാവധി പ്രയോജനപ്പെടുത്തുകയും നഗരസഭയുടെ സമഗ്ര വികസനം സാധ്യമാക്കുകയും ചെയ്യാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | നടപ്പാക്കാത്തവ | ചെലവ് ശതമാനം |
|---|---|---|---|---|---|
| 304 | 265500551 | 149 | 36708585 | 155 | 13.8% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 40 | 17 | 23214111 | 8976216 | 38.7% |
| അസി.എഞ്ചിനീയർ | 230 | 108 | 228650066 | 17822389 | 7.8% |
| കൃഷി ഓഫീസർ | 8 | 2 | 2138026 | 1039620 | 48.6% |
| വെറ്ററിനറി സർജൻ | 5 | 4 | 1934506 | 862308 | 44.6% |
| താലൂക്ക് ഹോസ്പ്പിറ്റൽ (അലോപ്പതി) | 4 | 4 | 1317000 | 1283085 | 97.4 |
| ഹോമിയോ | 1 | 1 | 300000 | 300000 | 100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 5 | 4243600 | 3866587 | 91% |
| പ്രോജക്ട് ഓഫീസർ | 3 | 2 | 1445000 | 505000 | 34.9% |
| പ്രിൻസിപ്പാൾ | 7 | 6 | 2258242 | 2053380 | 90.9% |
| ആകെ | 304 | 149 | 265500551 | 36708585 | 13.83% |

നഗരസഭയുടെ വിവിധ മേഖലയിലെ വികസനം ലക്ഷ്യം വെച്ച് അതാതു മേഖലകളിലുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ പ്രോജക്ടുകൾ ആവിഷ്ക്കരിക്കുമ്പോൾ അവ നടപ്പിലാക്കേണ്ട ബാധ്യത നിർവ്വഹണ ഉദ്യോഗസ്ഥന്മാർക്കുണ്ട്. ഇപ്രകാരം 304 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 155പ്രോജക്ടുകൾ നടപ്പിലാക്കാതെ ഫണ്ട് നഷ്ടപ്പെടുത്തിയത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. നടപ്പിലാക്കിയ 149 പ്രവൃത്തികൾക്കായി 13.83% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

താലൂക്ക് മെഡിക്കൽ ഓഫീസർ ,മെഡിക്കൽ ഓഫീസർ ഹോമിയോ, ഐ.സി.ഡി.എസ്.

സൂപ്പർവൈസർ , പ്രിൻസിപ്പാൾ ജി.വി.എച്ച്.എസ്.എസ് എന്നിവർ 90% ൽ കൂടുതൽ തുക ചെലവഴിച്ചപ്പോൾ വെറ്ററിനറി സർജൻ,സെക്രട്ടറി ,പ്രൊജക്റ്റ് ഓഫീസർ എന്നിവർ 50% ൽ താഴെ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയർ 7.8% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഇപ്രകാരം പ്രോജക്റ്റുകൾ നടപ്പിലാക്കാത്തതിനാൽ മറ്റു തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജനങ്ങൾക്ക് ലഭിച്ച ആനുകൂല്യം ഇവിടെയുള്ളവർക്ക് ലഭിക്കാതെപോയത് നിർവ്വഹണത്തിലെ വീഴ്ചയായി വിലയിരുത്തുന്നു. ലഭിക്കുന്ന ഫണ്ടിനനുസരിച്ച് പരമാവധി പ്രോജക്റ്റുകൾ ആവിഷ്കരിക്കുന്നതിനും അവ നടപ്പിലാക്കുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 12642645 | 17608111 | 4965466 | 39% |
| നികുതിയേതര വരവുകൾ | 15356907 | 18992204 | 3635297 | 23.7% |
| ആകെ | 27999552 | 36600315 | 8600763 | 30.7% |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാരമാർഗ്ഗം |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 2 | 2 | 0 | |
| 2 | തൊഴിൽ രഹിത വേതനം | 18 | ലഭ്യമല്ല | 11 | |

| | | | | |
|---|---|---|---|---|
| | രജിസ്റ്ററിലോ അപേക്ഷകളിലോ അന്വേഷത്തിനു നൽകുന്ന തീയതി, അന്വേഷണ റിപ്പോർട്ട് ലഭിച്ച തീയതി എന്നിവ രേഖപ്പെടുത്താത്തതിനാൽ സമയബന്ധിതമായി ഇവയിന്മേൽ തീരുമാനം കൈക്കൊള്ളുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടില്ല. | | | |
| 3 | വിധവാ പെൻഷൻ | 73 | ലഭ്യമല്ല | 0 |
| | രജിസ്റ്ററിലോ അപേക്ഷകളിലോ അന്വേഷത്തിനു നൽകുന്ന തീയതി, അന്വേഷണ റിപ്പോർട്ട് ലഭിച്ച തീയതി എന്നിവ രേഖപ്പെടുത്താത്തതിനാൽ സമയബന്ധിതമായി ഇവയിന്മേൽ തീരുമാനം കൈക്കൊള്ളുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടില്ല. | | | |
| 4 | വികലാംഗ പെൻഷൻ | 22 | 11 | 0 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 7 | ലഭ്യമല്ല | - |
| | രജിസ്റ്ററിലോ അപേക്ഷകളിലോ അന്വേഷത്തിനു നൽകുന്ന തീയതി, അന്വേഷണ റിപ്പോർട്ട് ലഭിച്ച തീയതി എന്നിവ രേഖപ്പെടുത്താത്തതിനാൽ സമയബന്ധിതമായി ഇവയിന്മേൽ തീരുമാനം കൈക്കൊള്ളുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടില്ല. | | | |
| 6 | വാർദ്ധക്യകാല പെൻഷൻ | 375 | ലഭ്യമല്ല | 8 |
| | രജിസ്റ്ററിലോ അപേക്ഷകളിലോ അന്വേഷത്തിനു നൽകുന്ന തീയതി, അന്വേഷണ റിപ്പോർട്ട് ലഭിച്ച തീയതി എന്നിവ രേഖപ്പെടുത്താത്തതിനാൽ സമയബന്ധിതമായി ഇവയിന്മേൽ തീരുമാനം കൈക്കൊള്ളുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടില്ല. | | | |

# 1-9 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ്

പരിശോധന 25.10.17 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 121797 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി |
|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | നഗരസഭ ആയതിനുശേഷം ഓഡിറ്റ് നടന്നിട്ടില്ല. |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | നഗരസഭ ആയതിനു ശേഷം ഓഡിറ്റ് നടന്നിട്ടില്ല. |

## 1-11 ആഭ്യന്തര നിയന്ത്രണം

നഗരസഭയിലെ വസ്തു നികുതി കുടിശ്ശികയായി 19.85 ലക്ഷം രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. നഗരസഭയായി മാറ്റപ്പെട്ടശേഷം വസ്തുനികുതി നിരക്കിൽ മാറ്റം വരുത്തിയിട്ടില്ല. നിരക്കിൽ മാറ്റം വരുത്തുകയോ പഴയനിരക്കിൽ തന്നെ തുടരുകയോ ചെയ്യുന്നപക്ഷം കൗൺസിൽ അംഗീകാരം ലഭ്യമാക്കേണ്ടത് ചെയ്തിട്ടില്ല.ബിൽഡിങ് പെർമ്മിറ്റുകൾക്ക് സമയബന്ധിതമായി തീർപ്പുകല്പിക്കുന്നില്ല. ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകൾ സമയബന്ധിതമായി അന്വേഷണത്തിനു നൽകുകയും ഇവ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യുന്നില്ല. അതുകൊണ്ടുതന്നെ ഇവ നിരീക്ഷണ വിധേയമാക്കാൻ കഴിഞ്ഞിട്ടില്ല. അനധികൃത നിർമ്മാണ വിവരങ്ങൾ പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി നിരീക്ഷണവിധേയമാക്കണമെന്ന നിർദ്ദേശം പാലിക്കപ്പെട്ടില്ല. വരവിനങ്ങളുടെ രജിസ്റ്ററുകളിൽ വർഷാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇക്കാരണങ്ങളാൽ ആഭ്യന്തരനിയന്ത്രണം പൊതുവേ തൃപ്തികരമല്ല

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരം കെട്ടിടനിർമ്മാണ പെർമിറ്റ് അനുവദിക്കുന്നത്

# സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ

1) കെട്ടിടനിർമ്മാണം ക്രമവത്കരണത്തിനുള്ള ഫീസ് കുറവായി ഈടാക്കി

1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 11 (3) പട്ടിക -2 പ്രകാരം കെട്ടിടനിർമ്മാണത്തിനായുള്ള പെർമിറ്റ് ഫീസ് താഴെ പറയും വിധം ഈടാക്കേണ്ടതാണ്. ചട്ടം 146 (4) പ്രകാരം ക്രമവത്കരണത്തിനായുള്ള ഫീസ് പ്രാബല്യത്തിനുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടി ആയിരിക്കുന്നതാണ്.

| കെട്ടിടത്തിന്റെ തരം | പെർമിറ്റ് ഫീസ് (Rs/Sq meters of Floor area ) |
|---|---|
| പാർപ്പിടാവശ്യത്തിനുള്ള 150 ച.മീ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ ( A1) | 3.5 |
| പാർപ്പിടാവശ്യത്തിനുള്ള 150 ച.മീ-ൽ കൂടുതൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ (A1) | 7 |
| A1 വിഭാഗത്തിൽ അല്ലാത്ത മറ്റെല്ലാ കെട്ടിടങ്ങൾക്കും | 10 |

നഗരസഭ തൻവർഷം കെട്ടിടനിർമ്മാണ പെർമിറ്റിനായുള്ള ക്രമവത്കരണ ഫീസ് ഈടാക്കിയതിൽ താഴെ പറയും വിധം കുറവ് കാണുന്നു.

| ഫയൽ നം | കെട്ടിടത്തിന്റെ ഉപയോഗ ക്രമം | ആകെ തറ വിസ്തീർണ്ണം | ക്രമവത്കരണത്തിനായി ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ്,രസീത് നം/ തീയതി | കുറവ് |
|---|---|---|---|---|---|
| എ4-8159/16 29.06.16 | പാർപ്പിടാവശ്യം | 166.91 ച.മീ | 2337 | 1169, 1160115878/ 15.10.16 | 1168 |
| ആകെ കുറവ് | | | | | 1168 |

| ഫയൽ നം | കെട്ടിടത്തിന്റെ ഉപയോഗ ക്രമം | ആകെ തറ വിസ്തീർണ്ണം | ക്രമവത്കരണത്തിനായി ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ്,രസീത് നം/ തീയതി | കുറവ് |
|---|---|---|---|---|---|
| എ4-8159/16 29.06.16 | പാർപ്പിടാവശ്യം | 166.91 ച.മീ | 2337 | 1169, 1160115878/ 15.10.16 | 1168 |
| ആകെ കുറവ് | | | | | 1168 |

കുറവ് തുക 1168 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

2) നിർമ്മാണം ക്രമവത്കരിക്കുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുന്നില്ല

1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 143 പ്രകാരം മുനിസിപ്പൽ സെക്രട്ടറിക്ക് ചില നിർമ്മാണങ്ങൾ ക്രമവത്കരിക്കുന്നതിനുള്ള അധികാരം ഉണ്ട്. ക്രമവത്കരണത്തിനായുള്ള ഫീസ് ചട്ടം 146(4) പ്രകാരം പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടി ആയിരിക്കുന്നതാണ്. നിർമ്മാണം ക്രമവത്കരിക്കുന്നതിന് തീരുമാനിച്ചാൽ ഇത് പ്രകാരമുള്ള ഫീസ് ഈടാക്കി ചട്ടം 146(3) അനുബന്ധം J ഫോറത്തിലുള്ള ഒരു രജിസ്റ്ററിൽ എപ്പോഴും സൂക്ഷിക്കേണ്ട രേഖയായി ഇത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. നഗരസഭ ക്രമവത്കരണവിവരങ്ങൾ ഇത്തരത്തിൽ പ്രത്യേകം രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല. കെട്ടിടനിർമ്മാണ പെർമിറ്റും ക്രമവത്കരണവും ഒരു രജിസ്റ്ററിൽ തന്നെ തുടർച്ചയായി രേഖപ്പെടുത്തുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്.

( മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.24/ 30-10-17 ന് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു കൊണ്ട് മറുപടി ലഭ്യമാക്കിയിട്ടുണ്ട്)

3) കെട്ടിടനിർമ്മാണത്തിനായുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിന് സമയപരിധി പാലിച്ചിട്ടില്ല

1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 13,14 പ്രകാരം കെട്ടിട നിർമ്മാണ പെർമ്മിറ്റിനായുള്ള അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം സെക്രട്ടറി പെർമിറ്റ് സംബന്ധിച്ച് തീരുമാനം എടുക്കേണ്ടതാണ്. എന്നാൽ പല അപേക്ഷകളിന്മേലും ഈ സമയപരിധി പാലിച്ചിട്ടില്ല എന്നു കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | അപേക്ഷ സ്വീകരിച്ച തീയതി | നടപടികൾ പൂർത്തിയാക്കി |
|---|---|---|

| | | |
|---|---|---|
| | | പെർമിറ്റ് അനുവദിച്ച<br><br>തീയതി |
| മുഹമ്മദ് & വാപ്പുട്ടി, കൊപ്പത്ത് പാറമേൽ | 27.06.16 | 3.11.16 |
| മുഹമ്മദ് മഷ്റൂഫ് & സലീന,<br><br>കുറുപ്പം തൊടിയിൽ | 28.04.16 | 5.7.16 |
| കരീം ,<br><br>കള്ളിയങ്കൽത്തൊടി,<br><br>കീഴായൂർ | 12.05.16 | 28.08.16 |
| ഗീത ശശിധരൻ,<br><br>തേക്കിങ്കൽ | 26.05.16 | 5.08.16 |

പെർമിറ്റിനായുള്ള അപേക്ഷകൾ നിശ്ചിത സമയപരിധിയിൽ തീർപ്പാക്കാനുള്ള ശ്രമം ഉണ്ടാകേണ്ടതാണ്.( ഓഡിറ്റ് അന്വേഷണം നം.29/ 31-10-17 )

## 2-2 രശീതി പിരിവ് -അപാകതകൾ

മുനിസിപ്പാലിറ്റിയിലെ രശീതി പിരിവ് സംബന്ധിച്ച് ചുവടെ ചേർക്കുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1. മാന്വൽ രശീതികൾ എത്രയെണ്ണം ലഭിച്ചിട്ടുണ്ടെന്നോ,ലഭിച്ച തിയതിയോ മറ്റ് വിവരങ്ങളോ രേഖപ്പെടുത്തിയിട്ടില്ല.
2. 1,4നമ്പർ രശീതി ബുക്കുകൾ കളക്ഷന് വേണ്ടി ആർക്കാണ് ഇഷ്യു ചെയ്തത് എന്ന് (ഉദ്യോഗസ്ഥന്റെ പേര് ,തസ്തിക) എന്നിവ രേഖപ്പെടുത്തിയിട്ടില്ല.
3. 1 മുതൽ 4 വരെയുള്ള നമ്പർ രശീതി ബുക്കുകൾ ഇഷ്യു ചെയ്ത തിയതി രേഖപ്പെടുത്തിയിട്ടില്ല.
4. കളക്ഷന് വേണ്ടി രശീതികൾ ഇഷ്യു ചെയ്യുമ്പോൾ അതത് സമയത്ത് എത്രയെണ്ണം ബാലൻസ് ഉണ്ടെന്ന് രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.31/31.10.17) പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതിനായി രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്.രശീതി ബുക്കുകൾ അതീവ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യേണ്ടതും സ്റ്റോക്ക് രജിസ്റ്ററിൽ ഇത് സംബന്ധിച്ച കൃത്യമായി അതത് സമയത്ത് രേഖപ്പെടുത്തലുകൾ വരുത്തി

സൂക്ഷിക്കേണ്ടതുമാണ്.

## 2-3 പരസ്യനികുതി പിരിവ് സംബന്ധിച്ച്

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 271,272 വകുപ്പുകൾ പ്രകാരം ഒരു മുനിസിപ്പൽ പ്രദേശത്ത് ഏതെങ്കിലും പരസ്യം പ്രദർശിപ്പിക്കുകയോ, ഉറപ്പിച്ച വയ്ക്കുകയോ ചെയ്യുന്നതിന് മുനിസിപ്പൽ സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദം ആവശ്യമാണ്. സെക്രട്ടറിയുടെ അനുവാദമില്ലാതെ യാതൊരു തരത്തിലുള്ള പരസ്യങ്ങളും പ്രദർശിപ്പിക്കുവാൻ പാടുള്ളതല്ല. കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 567-ാം വകുപ്പ് പ്രകാരം മുനിസിപ്പൽ കൌൺസിലിന് ഇത് സംബന്ധിച്ച് ഒരു ബൈലോ തയ്യാറാക്കാവുന്നതാണ്. എന്നാൽ പട്ടാമ്പി മുനിസിപ്പാലിറ്റി പരസ്യ നികുതി പിരിക്കുന്നതിന് ബൈലോ തയ്യാറാക്കിയിട്ടില്ല.ഓഡിറ്റ വർഷത്തിൽ പരസ്യ നികുതി ഇനത്തിൽ ആകെ 10000 രൂപ മാത്രമേ വരുമാനം ലഭിച്ചിട്ടുള്ളൂ.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/21.10.17) 2016-17 സാമ്പത്തിക വർഷത്തെ പരസ്യ നികുതിപിരിവിനായി ലേലം വച്ചുവെങ്കിലും ആരും പങ്കെടുത്തിരുന്നില്ല എന്നാണ് മറുപടി നൽകിയിട്ടുള്ളത്.പരസ്യ നികുതി പിരിവിനായി ബൈലോ തയ്യാറാക്കേണ്ടതും സർക്കാർ അംഗീകാരം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-4 ബസ് സ്ററാന്റ് ഫീസ് പിരിവ്- പുനർലേലം ചെയ്തിട്ടില്ല.

പട്ടാമ്പി നഗരസഭയുടെ കീഴിലുള്ള ബസ് സ്റ്റാന്റിൽ എത്തുന്ന ബസുകളിൽ നിന്നും 2016-17 സാമ്പത്തിക വർഷത്തിൽ ബസ് സ്റ്റാന്റ് ഫീസ് പിരിക്കുന്നതിന് (ബസൊന്നിന് പത്ത് രൂപ) 23.3.2016 തിയതിയിൽ ലേലം നടത്തുകയും ശ്രീ.മുഹമ്മദാലി,നസ്രത്ത്, വലിയകുന്ന് പി.ഓ,മലപ്പുറം എന്ന വ്യക്തി 876000 രൂപയ്ക്ക് ലേലം കൈകൊണ്ടതിനെ തുടർന്ന് 30.3.2016 തിയതിയിലെ കൗൺസിൽ യോഗ തീരുമാനം 2(1) പ്രകാരം ടിയാന് ലേലം ഉറപ്പിച്ച നൽകുകയും ചെയ്തു.എന്നാൽ ടിയാൻ മുനിസിപ്പാലിറ്റിയുമായി എഗ്രിമെന്റിലേർപ്പെട്ടില്ല.തുടർന്ന് ബസ് സ്റ്റാന്റ് ഫീസ് പിരിക്കുന്നതിനായി ശ്രീ ഇസാഫ് കിഴക്കേതിൽ എന്നയാളെ ചെയർമാന്റെ നിർദ്ദേശാനുസരണം നിയമിക്കുകയും 09.06.2016 ലെ കൗൺസിൽ യോഗ തീരുമാനം 7(5) പ്രകാരം അംഗീകരിക്കുകയും 6000രൂപ മാസവേതനം നൽകി വരികയുമാണ് ചെയ്യുന്നത്.2016-17 സാമ്പത്തിക വർഷത്തിൽ ബസ് സ്റ്റാന്റ് ഫീസ് പിരിച്ചെടുത്ത ഇനത്തിൽ ടീയാൻ ആകെ 895000 രൂപ (പ്രതിദിനം 2500 രൂപ എന്ന നിരക്കിൽ ഹർത്താൽ ദിനങ്ങളൊഴികെ) മുനിസിപ്പാലിറ്റിയിൽ അടവാക്കിയിട്ടുണ്ട്.

എന്നാൽ മുനിസിപ്പാലിറ്റിയുടെ ബസ് സ്റ്റാന്റിൽ പ്രതിദിനം വന്നുപോകുന്ന ബസുകളുടെ കൃത്യമായ എണ്ണം എത്രയാണെന്നോ,മുനിസിപ്പാലിറ്റിയുടെ രശീതി ഉപയോഗിക്കാതെ

ഫീസ് പിരിക്കുന്നതിനാൽ ഓരോദിവസവും പിരിക്കുന്ന തുക എത്രയാണെന്നോ,തുക മുഴുവൻ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ടോ എന്ന് കൃത്യമായി നിരീക്ഷിക്കുന്നതിന് മുനിസിപ്പാലിറ്റിയിൽ സംവിധാനം നിലവിലില്ല എന്നാണ് ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന്(നം.10/24-10-2017 )മറുപടി നൽകിയിട്ടുള്ളത്.ബസ് സ്റ്റാന്റ് ഫീസ് പിരിവിന് പുനർലേലം നടത്താൻ നടപടികൾ സ്വീകരിച്ചിട്ടുമില്ല. ബസ് സ്റ്റാന്റിൽ പ്രതിദിനം വന്നുപോകുന്ന ബസുകളുടെ കൃത്യമായ എണ്ണം മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ട് ലഭ്യമാക്കേണ്ടതും പുനർലേലം ചെയ്ത് നൽകി മുനിസിപ്പാലിറ്റിയുടെ രശീതി ഉപയോഗിച്ച് ഫീസ് പിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 വസ്തുനികുതി പരിഷ്കരണ ജോലികൾ പൂർത്തീകരിച്ചിട്ടില്ല.

പട്ടാമ്പി മുനിസിപ്പാലിറ്റി ഗ്രാമപഞ്ചായത്തായിരുന്ന വേളയിലെ വസ്തു നികുതിയുടെ നിരക്കുകൾ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 233 ാം വകുപ്പ് 2,5 വകുപ്പ് പ്രകാരം സർക്കാർ വിജ്ഞാപനം ചെയ്ത മുനിസിപ്പൽ കൗൺസിലുകളുടെ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധിക്കകത്തായതിനാൽ 1.11.2015 മുതൽ നഗരസഭയായി മാറിയ ശേഷം 2016-17 വർഷത്തിൽ കെട്ടിട നികുതി നിരക്കിൽ മാറ്റം വരുത്തിയിട്ടില്ല. സഞ്ചയയിലെ അസസ്മെന്റ് രജിസ്റ്ററിൽ 16 വാർഡുകളിലെ കെട്ടിടങ്ങളുടെ വിവരങ്ങളാണുള്ളത്.നഗരസഭയായി മാറിയ ശേഷം വാർഡുകളുടെ എണ്ണം 28 ആയി വർധിച്ചിട്ടുണ്ടെങ്കിലും ആയത് പ്രകാരമുള്ള മാറ്റങ്ങൾ സഞ്ചയയിൽ ഉൾകൊള്ളിച്ചിട്ടില്ല.2013 മാർച്ച്-ന് മുമ്പുള്ള ഗാർഹിക/ഗാർഹികേതര കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തിയിട്ടുണ്ടെങ്കിലും ആയതിനു ശേഷമുള്ള പുതിയ കെട്ടിടങ്ങളുടെ വിവരങ്ങൾ മുഴുവനായും സഞ്ചയയിൽ ഡാറ്റാ എൻട്രി വരുത്തിയിട്ടില്ല. ഇപ്രകാരം ഡാറ്റാ എൻട്രി പൂർണ്ണമായും വരുത്താത്തതിനാൽ സഞ്ചയ ഓൺലൈൻ ആയി അക്കൗണ്ടിംഗ് സോഫ്റ്റ്വെയറായ സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഡാറ്റാ എൻട്രി ,28 വാർഡുകളിലെ നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട നമ്പറിംഗ് ജോലികൾ എന്നിവ പൂർത്തീകരിച്ചു വരുന്നു എന്നാണ് ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.9/24.10.17) മറുപടിയായി മുനിസിപ്പാലിറ്റി അധികൃതർ മറുപടി നൽകിയിട്ടുള്ളത്.

വാർഷിക കണക്കുകൾ പ്രകാരം വസ്തുനികുതി കുടിശ്ശിക 2016-17 വർഷാവസാനത്തിൽ 19,85,720 രൂപയാണ്.മുനിസിപ്പാലിറ്റിയിലെ മുഴുവൻ കെട്ടിടങ്ങളുടെ വിവരങ്ങളും സഞ്ചയയിൽ ഡാറ്റാ എൻട്രി വരുത്താനുള്ള നടപടികൾ ത്വരിത ഗതിയിൽ പൂർത്തീകരിക്കേണ്ടതും സഞ്ചയ ഓൺലൈൻ ആയി സാംഖ്യയുമായി ഇന്റഗ്രേഷൻ നടത്തി കുടിശ്ശിക അടക്കം വസ്തുനികുതി കാര്യക്ഷമമായി പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-6 നിള ആശുപത്രി നികുതി നിർണ്ണയ നടപടികൾ പൂർത്തിയാക്കേണ്ടതാണ്

നിള ആശുപത്രിയുടെ 2013-14 മുതലുള്ള നികുതി നിർണ്ണയത്തിന്റെ ഭാഗമായി എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തിയതിന്റെ ഫയൽ പരിശോധിച്ചതിൽ നിന്നും ആശുപത്രിയുടേതായി 6 നിലകളിലായി ആകെ 8750.82 ച.മീ കെട്ടിടങ്ങൾ നിലവിലുണ്ടെന്ന് മനസ്സിലാകുന്നു. ആശുപത്രി പ്രവർത്തനം ആരംഭിച്ചിട്ടും കെട്ടിടത്തിന്റെ നിർമ്മാണം ക്രമവത്കരിച്ചു നൽകുന്നതിനോ നമ്പറിംഗ് നടപടികൾ പൂർത്തിയാക്കി കുടിശ്ശിക സഹിതമുള്ള വസ്തുനികുതി ഈടാക്കുന്നതിനോ നാളിതു വരെ നഗരസഭയ്ക്ക് സാധിച്ചിട്ടില്ല . കെട്ടിടത്തിന്റെ പെർമിറ്റ് സംബന്ധിച്ച് ജില്ലാ ടൗൺ പ്ലാനർ, സംസ്ഥാന നഗരാസൂത്രകൻ എന്നിവരുടെ കാര്യാലയങ്ങളിലേക്ക് നിർദ്ദേശങ്ങൾ ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട്. ആശുപത്രിയുടെ ഒരു ഭാഗം ഭാരതപ്പുഴ കൈയേറി നിർമ്മിച്ചതാണെന്നും കണ്ടെത്തിയിട്ടുണ്ട്. അനധികൃത നിർമ്മാണത്തിനായുള്ള ഫീസ് ഈടാക്കി കൈയ്യേറ്റ ഭൂമിയിലെ നിർമ്മാണങ്ങൾ പൊളിച്ചു മാറ്റുന്നതിനും ക്രമവത്കരിക്കാവുന്ന ഭാഗങ്ങൾ നിശ്ചിത ഫീസ് ഈടാക്കി ക്രമവത്കരിച്ചു നൽകുകയും കുടിശ്ശിക സഹിതം വസ്തുനികുതി ഈടാക്കേണ്ടതുമാണ്.

( ഓഡിറ്റ് അന്വേഷണം നം 28 /31.10.17 )

## 2-7 ഡി & ഒ ലൈസൻസില്ലാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം മുനിസിപ്പാലിറ്റിയിൽ 2016-17 ൽ വാണിജ്യാവശ്യങ്ങൾക്കായി പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ എണ്ണം താഴെ കൊടുക്കുന്നു.

| | |
|---|---|
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ഗോഡൗണുകൾ/ഷോപ്പുകൾ | 2946 |
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ മുതൽ 200;ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ഗോഡൌണുകൾ /ഷോപ്പുകൾ | 97 |
| വാണിജ്യ ആവശ്യത്തിനുള്ള 200 ച.മീ മുകളിൽ തറ വിസ്തീർണമുള്ള സൂപ്പർമാർക്കറ്റ്/ഷോപ്പിംഗ് മാളുകൾ | 645 |

| | |
|---|---|
| വാണിജ്യ ആവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 26 |
| വ്യവസായ ആവശ്യത്തിനുള്ള കൈത്തറിഷെഡ്/കയർ/പിരിഷെഡ് | 49 |
| ഇതര വ്യവസായ ആവശ്യത്തിനുള്ള കെട്ടിടങ്ങൾ | 102 |
| അസംബ്ളി കെട്ടിടം,കൺവെൻഷൻ സെന്റർ,ഓഡിറ്റോറിയം,കല്ല്യാണ മണ്ഡപങ്ങൾ,ലോഡ്ജ്,സിനിമ തിയറ്റർ | 328 |
| ആകെ | 4193 |

എന്നാൽ ഡി & ഒ രജിസ്റ്റർ പ്രകാരം 2016-17 വർഷത്തിൽ മുനിസിപ്പാലിറ്റിയുടെ പരിധിയിൽ പ്രവർത്തിക്കുന്നതിനായി ലൈസൻസെടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം 728 മാത്രമാണ്. ഇതിൽ നിന്നും മുനിസിപ്പാലിറ്റിയിൽ ഡി & ഒ ലൈസൻസില്ലാതെ ധാരാളം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാണ്. ഇത്തരത്തിൽ ഡി & ഒ ലൈസൻസില്ലാതെ അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.36/31.1.2017) മുനിസിപ്പാലിറ്റി അധികൃതർ മറുപടി സമർപ്പിച്ചിട്ടില്ല.മുനിസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ഡി & ഒ ലൈസൻസിന്റെ എടുത്തുവെന്ന് ഉറപ്പാക്കാനുളള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-8 മൊബൈൽടവറുകളുടെ വസ്തുനികുതി പിരിവ് കാര്യക്ഷമമല്ല

ഹാജരാക്കിയ രേഖകൾ പ്രകാരം നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽടവറുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം. | വാർഡ്/ കെട്ടിട നം. | ടവർ നടത്തുന്ന ഏജൻസിയുടെ പേര്, വിലാസം | വസ്തു നികുതി |
|---|---|---|---|
| 1 | 7/177 | എം.എൻ.മധു, റിലയൻസ് ഇൻഫോകോം | 5220 |
| 2 | 7/178 | ടാറ്റാ ടെലി സർവ്വീസ്, മേലെ പട്ടാമ്പി | 11763 |
| 3 | 7/608 | മാനേജർ, ഇൻഡസ് ടവ്വേഴ്സ്, | 7200 |

| | | | | |
|---|---|---|---|---|
| | | പാലാരിവട്ടം | | |

നഗരസഭാ പരിധിയിൽ മറ്റ് ഏജൻസികളുടേയും ബി.എസ്.എൻ.എല്ലിന്റേയും ടവറുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ആയവയുടെ വിശദാംശങ്ങൾ ലഭ്യമല്ല. ടവറുകളുടെ ബിൽഡിംഗ് പെർമിറ്റ് നമ്പർ, സ്ഥാപിച്ച വർഷം, ഈടാക്കിയ പെർമിറ്റ് ഫീ, കെട്ടിടനികുതി കുടിശ്ശിക തുടങ്ങിയ വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പെർമിറ്റില്ലാതെ അനധികൃതമായി സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്ന മൊബൈൽ ടവറുകളുടെ വിവരം ശേഖരിക്കുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തണമെന്നും, അനധികൃതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തുന്ന ടവറുകളിൽനിന്ന് പെർമിറ്റ് ഫീസും, കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതിയും ഈടാക്കണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.10.2014-ലെ 40395/ആർ.സി.2 /2014/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. മേൽ നിർദ്ദേശം പാലിക്കുന്നതിനുള്ള നടപടികൾ ഒന്നും തന്നെ നഗരസഭ സ്വീകരിച്ചിട്ടില്ല. ഈ വിഷയം മുൻ ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

സ.ഉ(എം.എസ്)നം.150/14/ ത.സ്വ.ഭ.വ തിയതി 21-8-2014 പ്രകാരം നിലവിൽ വന്ന അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനുള്ള ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ടെലി കമ്മ്യൂണിക്കേഷൻ ടവറുകൾ ക്രമവൽക്കരിക്കുന്നതിനുള്ള ഫീസ് 25000 രൂപയാണ്. നഗരസഭയുടെ ഭാഗത്തുനിന്ന് കാര്യക്ഷമമായ ഇടപെടലുകൾ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

( ഓഡിറ്റ് അന്വേഷണം നം 30/31.10.17)

## 2-9 വരവിനങ്ങളുടെ രജിസ്റ്ററുകൾ കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്.

2016-17 സാമ്പത്തിക വർഷത്തിൽ വരവിനങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1. ഡി&ഒ ലൈൻസ് രജിസ്റ്റർ,വാടക രജിസ്റ്റർ,തൊഴിൽ നികുതി രജിസ്റ്റർ,ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ എന്നിവയിലൊന്നും തന്നെ സാമ്പത്തിക വർഷാന്ത്യത്തിൽ ആകെ ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവയുടെ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
2. തൊഴിൽ നികുതി രജിസ്റ്റർ അപൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടാണ് സൂക്ഷിച്ചിട്ടുള്ളത്.തൊഴിൽ നികുതി ഈടാക്കിയ സ്ഥാപനജീവനക്കാരുടെ പേര്,അർദ്ധവാർഷിക വരുമാനം,ഈടാക്കിയ തൊഴിൽ നികുതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം./31.10.2017) രജിസ്റ്ററുകളിൽ സംക്ഷിപ്തം രേഖപ്പെടുത്തി യഥാവിധി സൂക്ഷിക്കുന്നതാണ് എന്നും തൊഴിൽ നികുതി രജിസ്റ്ററിൽ മേൽ ചൂണ്ടിക്കാട്ടിയ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതാണ് എന്നും മറുപടി നൽകിയിട്ടുണ്ട്.മേൽ അപാകതകൾ പരിഹരിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയ രജിസ്റ്ററുകൾ ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്.

## 2-10 പെർമിറ്റ് ലഭ്യമാകാതെ കെട്ടിട നിർമ്മാണം നടത്തി

ഓഡിറ്റ് ടീം 01-11-2017 തിയതി നടത്തിയ പ്രാദേശിക പരിശോധനയിൽ പട്ടാമ്പി വില്ലേജ് സർവേ നമ്പർ 11/1 ൽ ഉൾപ്പെട്ട 20242 ചതുരശ്ര മീറ്റർ സ്ഥലത്ത് 8652.09 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിൽ വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടം പണി പൂർത്തിയായികൊണ്ടിരിക്കുന്നതായി ബോധ്യമായി. പ്രസ്തുത കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷ 2016-17 വർഷത്തിൽ പഞ്ചായത്തിൽ സമർപ്പിച്ചിരുന്നതാണെങ്കിലും ജില്ലാ ടൗൺ പ്ലാനറിൽ നിന്നും ലേ ഔട്ടിനുള്ള അനുവാദത്തിനായി കൈമാറിയിരുന്നു. ലേ ഔട്ടിനുള്ള അനുവാദം 17.10.2017 ന് സി.1822/17 നമ്പറായി ലഭിക്കുകയും ആയത് 25.10.17 ന് നഗരസഭയിൽ ലഭ്യമാകുകയും ചെയ്തു.ഇതിന്മേൽ നഗരസഭ നാളിതുവരെയും പെർമിറ്റ് അനുവദിച്ചിട്ടില്ല. പെർമിറ്റ് ലഭിക്കാതെയുള്ള നിർമ്മാണം അനധികൃതമാണ്.

ഇത്തരത്തിൽ അനധികൃത നിർമ്മാണം തടയുന്നതിന് നഗരസഭയിൽ നിന്നും കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം യാതോരു നടപടിയും സ്വീകരിച്ചിട്ടില്ല. ചട്ടങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും അനധികൃത നിർമ്മാണങ്ങൾ പ്രാരംഭത്തിൽ തന്നെ തടയുന്നതിനും സ്ഥല പരിശോധ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സേവന നികുതി ഒടുക്കിയ രശീതി ഹാജരാക്കാതെ മുഴുവൻ തുകയും കൺവീനർക്ക് അനുവദിച്ചു

നിർമ്മാണ പ്രവൃത്തികൾക്ക് 10.5% സേവന നികുതി ബില്ലിൽ രേഖപ്പെടത്താവുന്നതും പ്രസ്തുത തുക കരാറുകാരൻ/ കൺവീനർ ഒടുക്കിയതിന്റെ രശീതി ഹാജരാക്കുന്നപക്ഷം ഇവ ഉൾപ്പെടെയുള്ള തുക കരാറുകാരന് / കൺവീനർക്ക് നൽകാവുന്നതുമാണ്. എന്നാൽ നഗരസഭയിലെ താഴെ പറയുന്ന പ്രവൃത്തികളിൽ സേവന നികുതി ഉൾപ്പെടെയുള്ള തുക കൺവീനർക്ക് അനുവദിച്ചിട്ടുണ്ടെങ്കിലും കൺവീനർ സേവന നികുതി ഒടുക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.ആയതിനാൽ സേവന നികുതി കുറവു ചെയ്ത തുക മാത്രമാണ് കൺവീനർക്ക് അനുവദിക്കേണ്ടത് . വിശദവിവരം താഴെ കൊടുക്കുന്നു.

എ.പദ്ധതിയുടെ പേര് : വള്ളൂർ അങ്കണവാടി റൂഫിങ് & അറ്റകുറ്റപ്പണി

പ്രൊജക്റ്റ് നം. : 280/17

അടങ്കൽ : 150000

ചെലവ് : 148169

എഗ്രിമെന്റ് നം : 52(A)/16-17/AEP/10.2.2017

ബിൽ നം : 82/16-17/31.3.2017-109000

81/16-17/31.3.2017- 39169

എം.ബുക്ക് നം :75/ 16-17

കൺവീനർ : പുഷ്പലത.കെ

പ്രവൃത്തിമൂല്യം : 134089.35

സേവന നികുതി :14079.38

ആകെ പ്രവൃത്തിമൂല്യം : 148168.73

കുറയ്ക്കുക

നികുതികൾ - 10370

സേവന നികുതി - 14079

ബാക്കി - 123720

കൺവീനർക്ക് അനുവദിക്കേണ്ട തുക -123720

അനുവദിച്ച തുക - 137799

അധികം അനുവദിച്ച തുക -14079
ബി.പദ്ധതിയുടെ പേര് : വള്ളൂർ GLPS -കെട്ടിട മുറ്റത്ത് കട്ടവിരിക്കൽ

പ്രൊജക്റ്റ് നം. : 262/17

അടങ്കൽ : 277000

ചെലവ് : 276529

എഗ്രിമെന്റ് നം : 37/16-17/AEP/23.1.2017

ബിൽ നം : 34/16-17/20.3.2017-207000

ചെക്ക് നം. :072518/31.3.2017- 69529

എം.ബുക്ക് നം :33/ 16-17

കൺവീനർ : സുബൈർ.വി.പി

പ്രവൃത്തിമൂല്യം : 250298

സേവന നികുതി :26281

ആകെ പ്രവൃത്തിമൂല്യം : 276529

കുറയ്ക്കുക

നികുതികൾ - 19356

സേവന നികുതി - 26281

ബാക്കി - 230892

കൺവീനർക്ക് അനുവദിക്കേണ്ട തുക - 230892

അനുവദിച്ച തുക- 257173

അധികം അനുവദിച്ച തുക - 26281

സി.പദ്ധതിയുടെ പേര് : പള്ളിക്കാട് അങ്കണവാടി അറ്റകുറ്റപ്പണി

പ്രൊജക്ട് നം. : 254/17

അടങ്കൽ : 200000

ചെലവ് : 198524

എഗ്രിമെന്റ് നം : 52(A)/16-17/AEP/10.2.2017

ബിൽ നം : 83/16-17/31.3.2017- 62000

വൌച്ചർ നം. : 21602041/31.3.2017- 136524

എം.ബുക്ക് നം :73/ 16-17

കൺവീനർ : പുഷ്പലത.കെ

പ്രവൃത്തിമൂല്യം : 179659.55

സേവന നികുതി : 18864.25

ആകെ പ്രവൃത്തിമൂല്യം : 198524

കുറയ്ക്കുക

നികുതികൾ - 13896

സേവന നികുതി - 18864

ബാക്കി - 165764

കൺവീനർക്ക് അനുവദിക്കേണ്ട തുക -165764

അനുവദിച്ച തുക - 184628

അധികം അനുവദിച്ച തുക - 18864
ഇതു സംബന്ധിച്ച് 5/23.10.17നമ്പറായി ഓഡിറ്റ് അന്വേഷണം നൽകിയതിനെ തുടർന്ന് 14079രൂപ 28.10.2017 ലെ 210108966 രശീതി പ്രകാരവും 26281 രൂപ 28.10.2017 ലെ 210108967 രശീതി പ്രകാരവും തനതുഫണ്ടിലേക്ക് ഒടുക്കിയിട്ടുണ്ട്.ഈ തുകകൾ സേവന നികുതി ശീർഷകത്തിൽ ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കുന്നതുവരെ ആകെയുള്ള 59224(26281+14079+ 18864) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 കൺവീനർ പ്രവൃത്തികളിൽ നികുതിയിനത്തിൽ അധികം തുക വകയിരുത്തി നൽകുന്നത് ഒഴിവാക്കേണ്ടതാണ്

2015-16 സാമ്പത്തിക വർഷത്തിൽ അംഗീകാരം വാങ്ങി നടപ്പിലാക്കുന്ന കൺവീനർ പ്രവൃത്തികളിൽ പ്രവൃത്തി മൂല്യത്തോടൊപ്പം 5% വാറ്റ്, 1% ക്ഷേമനിധി എന്നിവ ചേർത്ത് 6% നികുതി കൂടി ചേർത്താണ് ആകെ പ്രവൃത്തി മൂല്യം കണക്കാക്കേണ്ടത്.എന്നാൽ നഗരസഭയിൽ 2015-16 സാമ്പത്തിക വർഷത്തിൽ അംഗീകാരം വാങ്ങി 2016-17 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളിൽ ആകെ പ്രവൃത്തിമൂല്യം കണക്കാക്കുന്നതിന് 5% വാറ്റ്, 1% ക്ഷേമനിധി, 1% ആദായനികുതി എന്നിവയടക്കം 7%നികുതി കൂട്ടിച്ചേർത്തതായി ഓഡിറ്റിൽ കണ്ടെത്തി. ഇപ്രകാരം 1% അധികം തുക പദ്ധതിഫണ്ടിൽ നിന്നും ഉൾക്കൊള്ളിച്ച് നൽകുന്നത് ഒഴിവാക്കേണ്ടതാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

എ.പദ്ധതിയുടെ പേര് : ചോലയിൽ കോളനി സുബ്രഹ്മണ്യൻപടി അനിപ്പടി റോഡ് കോൺക്രീറ്റിങ്

പ്രൊജക്റ്റ് നം. : 83/16, 32/17

അടങ്കൽ : 273000

ചെലവ് : 263503

ബിൽ നം : 1/16-17/12.1.2017

എം.ബുക്ക് നം :11/ 16-17

കൺവീനർ : ഹംസ.എൻ.റ്റി

പ്രവൃത്തിമൂല്യം ; 246264.53

കൂട്ടുക

നികുതികൾ (6%) : 14775.87

ആകെ പ്രവൃത്തിമൂല്യം : 261040

കുറയ്ക്കുക

വാറ്റ് - 12313

ക്ഷേമനിധി -2463

ആദായനികുതി-2463

ആകെ -17239

കൺവീനർക്ക് അനുവദിക്കാവുന്ന തുക : 243801( 261040-17239)

അനുവദിച്ച തുക : 246264

അധികം നൽകിയത് : 2463

ബി.പദ്ധതിയുടെ പേര് : കൊമ്മനംക്കോട് കോളനി റോഡ് കോൺക്രീറ്റിങ്

പ്രൊജക്റ്റ് നം. : 101/16, 37/17

അടങ്കൽ : 120000

ചെലവ് : 62266

ബിൽ നം : 2/16-17/12.1.2017

എം.ബുക്ക് നം :12/ 16-17

കൺവീനർ : ബാലസുബ്രഹ്മണ്യൻ

പ്രവൃത്തിമൂല്യം ; 58192.11

കൂട്ടുക

നികുതികൾ (6%) : 3491.52

ആകെ പ്രവൃത്തിമൂല്യം : 61684

കുറയ്ക്കുക

വാറ്റ് - 2910

ക്ഷേമനിധി -582

ആദായനികുതി-582

ആകെ -4074

കൺവീനർക്ക് അനുവദിക്കാവുന്ന തുക : 57610( 61684-4074 )

അനുവദിച്ച തുക : 58193

അധികം നൽകിയത് : 583

തുക അധികം അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് 8/24.10.17നമ്പറായി ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും മറുപടി ലഭ്യമാക്കിട്ടില്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 വാറ്റ്,ആദായ നികുതി,നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവ ഈടാക്കാതെ പ്രവൃത്തികൾക്ക് തുക അനുവദിച്ചു.

കേരള കൺസ്ട്രക്ഷൻ വെൽഫെയർ ഫണ്ട് ആക്ട് 1989 സെക്ഷൻ 8(2) ,സർക്കുലർ നം 2173/C3/97/ത.ഭ.വ. തി 18,03.97 എന്നിവ പ്രകാരം ലേബർ ഘടകം ഉൾപ്പെട്ടിട്ടുള്ള എല്ലാ കരാറുകളിൽ നിന്നും കരാർ തുകയുടെ 1% തുക ബില്ലിൽ നിന്നും കുറവുവരുത്തി നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽ അടവാക്കേണ്ടതാണ്.ആദായ നികുതി നിയമം സെക്ഷൻ 194 സി പ്രകാരം കരാറുകാരിൽ നിന്നും 1% ആദായ നികുതി ഈടാക്കേണ്ടതാണ് , 2003 ലെ മൂല്യ വർദ്ധിത നിയമം,വാണിജ്യ നികുതി കമ്മീഷണറുടെ31.05.2011ലെ 5/2011 നം സർക്കുലറിൽ കേന്ദ്ര വിൽപന നികുതി നിയമ പ്രകാരം CST രജിസ്ട്രേഷൻ ഉള്ള കരാറുകാരിൽ നിന്നും സർക്കാർ/ ലോക്കൽ ബോഡികളിലെ കരാർ പ്രവർത്തികൾക്ക് 4% വാറ്റ് ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നിയമാനുസൃത കിഴിവുകൾ നടത്താതെയാണ് താഴെ പറയുന്ന പ്രവൃത്തികൾക്ക് തുക നൽകിയിരിക്കുന്നത്

എ) നഗരസഭ ഓഫീസിലേക്ക് ആധുനിക സൌണ്ട് സിസ്റ്റം സ്ഥാപിക്കൽ

പ്രൊജക്ട് നം 308/16-17

അടങ്കൽ 378700(തനതുഫണ്ട്-300000,ധനകാര്യകമ്മീഷൻ ഗ്രാന്റ്-78700)

നിർവ്വഹണം സെക്രട്ടറി

ചെലവ് 335000

ബിൽ നം 30/16-17 തീ.31.03.2017 തുക 78700

വൌച്ചർ നം 21602017/31.03.17 തുക 256300

കരാറുകാരൻ പെർസെപ്റ്റ് ടെക്നോളജീസ്,തൃശ്ശൂർ

ചെലവിന്റെ വിശദാംശങ്ങൾ താഴെപറയുന്ന

| ക്രമ നം | വൌച്ചർ നം | തുക | ഈടാക്കേണ്ട നികുതികൾ | | | ആകെ |
|---|---|---|---|---|---|---|
| | | | വാറ്റ് | ആദായ നികുതി | നിർമ്മാണ തൊഴിലാളി ക്ഷേമനിധി | |
| 1 | 1)21602017/31.03.17<br>2) ബിൽ നം 30/16-17 തീ.31.03.2017 | 256300<br>78700 | 13400 | 3350 | 3350 | 20100 |
| 4 | ആകെ | 335000 | 13400 | 3350 | 3350 | 20100 |

മേൽ പ്രവർത്തി ടെണ്ടർ ചെയ്തതിൽ ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ പെർസെപ്റ്റ് ടെക്നോളജീസ്,തൃശ്ശൂർ ന്റെ ടെണ്ടർ ഉറപ്പിക്കുകയും (ഭരണ സമിതി തീരുമാനം നം 4(4) എ തീ.28.01.17) ടി സ്ഥാപനം സൌണ്ട് സിസ്റ്റം സ്ഥാപിച്ചതിന് (ഇൻവോയ്സ് നം B125/9.3.17 297100/-രൂപ, B126/9.3.17 37900/-രൂപ ആകെ 335000/-രൂപ)335000/-രൂപ നൽകുകയും ചെയ്തിട്ടുണ്ട്.ടെണ്ടർ നോട്ടീസിലെ ക്രമ നം 8ൽ നിയമാനുസൃതം ഈടാക്കേണ്ട നികുതികൾ ഈടാക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ ബില്ലിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട നികുതികൾ കുറവു ചെയ്യാതെയാണ് തുക നൽകിയിരിക്കുന്നത് .

ബി) തെരുവു വിളക്കുകൾ റിപ്പയർ

പ്രൊജക്ട് നം 06/16-17

അടങ്കൽ 600000/-(തനതു ഫണ്ട്)

നിർവ്വഹണം സെക്രട്ടറി

ചെലവ് 345000

വൌച്ചർ നം 21601044/26.10.16

കരാറുകാരൻ പി വി സുലൈമാൻ,പി വി എസ് ഇലക്ട്രിക്കൽസ് ,തൃത്താല

ചെലവിന്റെ വിശദാംശങ്ങൾ താഴെപറയുന്നു

| ക്രമ നം | വൌച്ചർ നം | തുക | ഈടാക്കേണ്ട നികുതികൾ | | | ആകെ |
|---|---|---|---|---|---|---|
| | | | വാറ്റ് | ആദായ നികുതി | നിർമ്മാണ തൊഴിലാളി ക്ഷേമനിധി | |
| 1 | 21601044/26.10.16 | 345000 | 13800 | 3450 | 3450 | 20700 |
| 2 | ആകെ | 345000 | 13800 | 3450 | 3450 | 20700 |

മേൽ പ്രവൃത്തി ടെണ്ടർ ചെയ്തതിൽ ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ പി വി സുലൈമാൻ,പി വി എസ് ഇലക്ട്രിക്കൽസ് ,തൃത്താലയുടെ ടെണ്ടർ ഉറപ്പിക്കുകയും (ഭരണ സമിതി തീരുമാനം നം 6(5) തീ.26.07.16,09.08.16 ലെ നെഗോസിയേഷൻ പ്രകാരം) ടി സ്ഥാപനം 760 സി എഫ് എൽ ലാമ്പുകൾ,54 സോഡിയം വേപ്പർ ലാമ്പുകൾ എന്നിവ റിപ്പയർ ചെയ്തതിന് 345000/-രൂപ (760*390=296400,54*900=48600) നൽകുകയും ചെയ്തിട്ടുണ്ട്.എന്നാൽ ബില്ലിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട നികുതികൾ കുറവു ചെയ്യാതെയാണ് തുക നൽകിയിരിക്കുന്നത്.

സി) ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ

പ്രൊജക്ട് നം 09/16-17

അടങ്കൽ 617864/-(തനതു ഫണ്ട്)

1687500(ശുചിത്വമിഷൻ ഗ്രാന്റ്)

843750(ഗുണഭോക്തൃവിഹിതം)

ആകെ 3149114

നിർവ്വഹണം സെക്രട്ടറി

ചെലവ് 480608

വൌച്ചർ നം 21600906/26.09.16

കരാറുകാരൻ അനീഷ് മോഹൻ, ആലപ്പി ബയോ ടെക് ,പുതിയവീട്,ആലപ്പുഴ

ചെലവിന്റെ വിശദാംശങ്ങൾ താഴെപറയുന്നു

| ക്രമ | വൌച്ചർ നം | തുക | ഈടാക്കേണ്ട | ആകെ |
|---|---|---|---|---|

| | | | നികുതികൾ | | |
|---|---|---|---|---|---|
| നം | | | ആദായ നികുതി | നിർമ്മാണ തൊഴിലാളി ക്ഷേമനിധി | |
| 1 | 21600906/26.09.16 | 480608 | 4806 | 4806 | 9612 |
| 2 | ആകെ | 480608 | 4806 | 4806 | 9612 |

മേൽ പ്രവൃത്തി ടെണ്ടർ ചെയ്തതിൽ ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ(1m'3 plant @10448/-രൂപ) അനീഷ് മോഹൻ, ആലപ്പി ബയോ ടെക്. പുതിയവീട്,ആലപ്പുഴയുടെ ടെണ്ടർ ഉറപ്പിക്കുകയും (ഭരണ സമിതി തീരുമാനം നം 2(2) തീ.23.04.15 ) ടി സ്ഥാപനം 46 ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചതിന് 480608/-രൂപ (46*10448=480608) നൽകുകയും ചെയ്തിട്ടുണ്ട്(ഇൻവോയ്സ് നം 15/26.03.16) എന്നാൽ ബില്ലിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട നികുതികൾ കുറവു ചെയ്യാതെ തുക നൽകിയിരിക്കുന്നത് .ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 18/26.10.2017 ) നിയമാനുസൃതം ഈടാക്കേണ്ട നികുതികൾ മേൽ സ്ഥാപനത്തിൽനിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.ആയതിനാൽ വാറ്റ്(27200),ആദായ നികുതി(11606),നിർമ്മാണ തൊഴിലാളി ക്ഷേമനിധി(11606) എന്നീയിനങ്ങളിൽ തുക ഒടുക്കി രസീതികൾ ലഭ്യമാക്കേണ്ടതാണ്.

## **3-4** <u>പ്രൊജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങുകയോ,സാധൂകരണം ലഭ്യമാക്കുകയോ ചെയ്യാതെ പ്രവൃത്തികൾക്ക് തുക ചെലവഴിച്ചു.</u>

സ.ഉ(എം.എസ്)നം.4/2016/ത.സ്വ.ഭ.വ തിയതി 11-1-2016 പ്രകാരം പുറപ്പെടുവിച്ച 2016-17 വർഷത്തേക്കുള്ള പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 4.3 പ്രകാരം ഒരു തദ്ദേശ സ്ഥാപനം അതിന്റെ പ്രദേശത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന എല്ലാ വികസന പ്രവർത്തനങ്ങളും (വിഭവ സ്രോതസ് ഏതുതന്നെയായാലും)പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹണം നടത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.താഴെപറയുന്ന പ്രവൃത്തികൾ അടിയന്തിരമായി ചെയ്യേണ്ട സാഹചര്യമുണ്ടായതിനാൽ ആയത് നടപ്പിലാക്കുന്നതിനും പിന്നീട് പ്രൊജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി ഭരണസമിതി തീരുമാനമെടുത്തിരുന്നുവെങ്കിലും,ആയതിന്റെ അടിസ്ഥാനത്തിൽ പ്രൊജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങുകയോ,സാധൂകരണം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം | ഇനം | വൌച്ചർ നം | തുക | കൌൺസിൽ തീരുമാനം |
|---|---|---|---|---|
| 1 | ഫ്രണ്ടോഫീസ് പൊതുജനങ്ങൾ ഇരിപ്പിടം | 21601243 /26.11.16 | 49950 | 05.09.16 ലെ 6(15) നം |
| 2 | ഫ്രണ്ടോഫീസ്- എൽ.ഇ.ഡി.ടീ.വി വാങ്ങൽ | 21601454 /06.01.17 | 35790 | 05.09.16 ലെ 6(16) നം |
| 3 | സ്റ്റാന്റിംഗ്കമ്മിറ്റി, അസി.എഞ്ചിനീയർ ഓഫീസ് ഇലക്ട്രിഫിക്കേഷൻ &നെറ്റ് വർക്ക് | 21601242 /26.11.16 | 19510 | 05.09.16 ലെ 10 നം |
| 4 | കോൺഫറൻസ് ഹാളിലേക്ക് കർട്ടൻ | 21601247 /26.11.16 | 38840 | 03.10.16 ലെ 7(11) നം |
| 5 | ആകെ | | 144090 | |

മേൽ സൂചിപ്പിച്ചിട്ടുള്ള പ്രവൃത്തികൾ എല്ലാംതന്നെ അടിയന്തിര പ്രാധാന്യമില്ലാത്തതും പ്രൊജക്ട് രൂപീകരിച്ച് നടപ്പിലാക്കാവുന്നതുമാണ് .ആയതിനാൽ പ്രൊജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങാതെ ചെലവഴിച്ച 144090/-രൂപ തടസ്സപ്പെടുത്തുന്നു.

## **3-5** മണ്ണ് ഫില്ലിങ്ങിന് കിളച്ചെടുത്ത മണ്ണ് ഉപയോഗപ്പെടുത്താതെ കരാറുകാരനിൽ നിന്നും വാങ്ങിയത് അനുവദിക്കുന്നില്ല

റോഡ് പ്രവൃത്തിയുടെ ഭാഗമായി കലുങ്ക് നിർമ്മിക്കുന്നതിനുള്ള അസ്തിവാരം 0.65 മീറ്റർ ആഴത്തിൽ കുഴിച്ചെടുത്തതിലൂടെ 2.08 ക്യൂ.മീ. മണ്ണ് നിലവിലുള്ളപ്പോൾ വശം ഫില്ലിങ്ങിന് 0.52 ക്യൂ.മീ. മണ്ണ് പുറമേ നിന്നും വാങ്ങിയിട്ടുള്ളത് ക്രമപ്രകാരമല്ല.വിശദവിവരം താഴെ കൊടുക്കുന്നു.

ബി.പദ്ധതിയുടെ പേര് : ആലിക്കൽ സുബൈർപ്പടി റോഡ് കോൺക്രീറ്റിങ്

പ്രൊജക്ട് നം. : 334/17 (MG-R)

അടങ്കൽ : 200000

ചെലവ് : 192708

എഗ്രിമെന്റ് നം : 58/16-17/AEP/15.2.2017

ബിൽ നം : 43/16-17/28.3.2017

എം.ബുക്ക് നം :47/ 16-17

കൺവീനർ : ഷമീർ.എ

മേൽ എം.ബുക്ക് ഇനം. 1 പ്രകാരം കലുങ്കിനുള്ള കോൺക്രീറ്റ് പൈപ്പ് സ്ഥാപിക്കുന്നതിനുവേണ്ടി 4x0.8x0.65 മീ.അളവിൽ മണ്ണ് കിളച്ചെടുത്തതിലൂടെ 2.08 ക്യൂ.മീ. മണ്ണ് ലഭിച്ചിട്ടുണ്ട്. 450 മി.മീ. വ്യാസമുള്ള കോൺക്രീറ്റ് പൈപ്പ് സ്ഥാപിച്ചശേഷം വശം മണ്ണിട്ടു നിറയ്ക്കാൻ കിളച്ചെടുത്ത മണ്ണ് ഉപയോഗപ്പെടുത്താതെ കരാറുകാരന്റെ മണ്ണ് 0.52 ക്യൂ.മീ. അളവിൽ വാങ്ങിയതിന് 384.28/m3 നിരക്കിൽ 199.82 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് 19/26.10.17നമ്പറായി ഓഡിറ്റ് അന്വേഷണം നൽകിയതിന് വിശദീകരണം ലഭ്യമാക്കിയതിൽ കിളച്ചെടുത്ത മണ്ണ് സൈഡ് ഫില്ലിങ്ങിനായി ഉപയോഗിക്കാൻ കഴിയുന്നതല്ല എന്ന് അറിയിച്ചിട്ടുണ്ട്. 0.8 മീറ്റർ ആഴത്തിൽ കുഴിച്ചെടുത്ത ഹാർഡ് മണ്ണ് സൈഡ് ഫില്ലിങ്ങിനായി ഉപയോഗിക്കാൻ കഴിയുന്നതല്ല എന്ന മറുപടി സ്വീകാര്യമല്ല.അധികം നൽകിയ 200 രൂപ ഉത്തരവാദിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-6 <u>കൺവീനർ പ്രവൃത്തികൾക്ക് ചെലവിന്റെയും നടപടിക്രമങ്ങളുടെയും രേഖകൾ ഹാജരാക്കിയില്ല</u>

കൺവീനർ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന സിമന്റ്,കമ്പി.ബിറ്റുമിൻ എന്നിവ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നോ,ഡീലർമാരിൽ നിന്നോ മാത്രമേ വാങ്ങുൻ പാടുള്ളൂ എന്നും ഇവയുടെ ഒറിജിനൽ ബിൽ ഹാജരാക്കണമെന്നും സംസ്ഥാന ആസൂത്രണ ബോർഡ് 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃസമിതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്.എന്നാൽ താഴെ പറയുന്ന പ്രവൃത്തികൾക്ക് തുക അനുവദിക്കുമ്പോൾ സിമന്റ് വാങ്ങിയതിന്റെ TIN നമ്പർ രേഖപ്പെടുത്തിയ ഒറിജിനൽ ബിൽ ഹാജരാക്കിയിട്ടില്ല.കൂടാതെ കൺവീനറുടെയും ചെയർമാന്റെയും പേരിൽ സംയുക്ത അക്കൌണ്ട് തുടങ്ങുകയോ ചെലവുകൾ അക്കൌണ്ടിലൂടെ നിർവ്വഹിക്കുകയോ ചെയ്തിട്ടില്ല. കൺവീനർ പ്രവൃത്തിക്ക് അവശ്യം വേണ്ട നടപടിക്രമങ്ങളൊന്നും പാലിക്കാതെയാണ് നഗരസഭയിലെ മിക്ക മരാമത്തു പ്രവൃത്തികളും നിർവ്വഹിച്ചിട്ടുള്ളത്. തൻവർഷം നടപ്പിലാക്കിയ മരാമത്തു പ്രവൃത്തികളിൽ 9484127 രൂപയുടെ 55 പ്രൊജക്റ്റുകൾ സിമന്റ് വാങ്ങിയതിന്റെ ഒറിജിനൽ ബിൽ ഹാജരാക്കപ്പെട്ടിട്ടില്ലാത്ത കോൺക്രീറ്റിങ് പ്രവൃത്തികളാണ്.

TIN നമ്പറോട്ടു കൂടിയ ഒറിജനൽ ബിൽ ഹാജരാക്കാതെയും കൺവീനറുടെയും ചെയർമാന്റെയും പേരിൽ സംയുക്ത അക്കൌണ്ട് ആരംഭിക്കാതെയും ചെലവ് അക്കൌണ്ടിലൂടെ നിർവ്വഹിക്കാതെയും തുക മുഴുവനും അനുവദിച്ചത് ക്രമപ്രകാരമല്ല. ഇതു സംബന്ധിച്ച് 6/23.10.17, 33/231.10.17എന്നീ നമ്പറുകളിലായി ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ ഈ ഇനത്തിലെ ആകെ ചെലവു തുക9484127 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദവിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.

## 3-7 കുടിവെള്ള പദ്ധതികൾ നഗരസഭയ്ക്ക് വൻ ബാധ്യത സൃഷ്ടിക്കുന്നു

2016-17 വർഷത്തിൽ നഗരസഭയിലെ ആകെയുള്ള 35 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായി ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു .

| ക്രമ നം | കുടിവെള്ള പദ്ധതികളുടെ എണ്ണം | പമ്പ് ഓപ്പറേറ്റർമാർക്ക് നൽകിയ വേതനം | വൈദ്യുതി ചാർജ്ജ് | മെയിന്റനൻസ് ചെലവ് |
|---|---|---|---|---|
| 1 | 35 | 2645940 | 4134503 | 812552 |
| | | | ആകെ | 7592995 |

കുടിവെള്ള പദ്ധതികൾ മുഖാന്തിരം നൽകിയ കണക്ഷനുകളുടെയും ഈടാക്കാവുന്ന വെള്ളക്കരത്തിന്റെയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | കണക്ഷനുകൾ | എണ്ണം | പ്രതിമാസ നിരക്ക് | ഒരുവർഷത്തെ ഡിമാന്റ് | ഈടാക്കിയത് (കുടിശ്ശിക സഹിതം) |
|---|---|---|---|---|---|
| 1 | ഗാർഹികം | 5065 | @65 | 3950700 | |
| 2 | ഗാർഹികേതരം | 438 | @215 | 1130040 | |
| 3 | | 5503 | | 5080740 | 4696885 |

ലഭിക്കാവുന്ന പരമാവധി വരവ് = 5080740

ആകെ ചെലവ് =7592995

വ്യത്യാസം = (-) 2512255

എല്ലാ ഗുണഭോക്താക്കളിൽ നിന്നും വെള്ളക്കരം പിരിച്ചെടുത്താൽ തന്നെയും ഓരോ സാമ്പത്തിക വർഷവും 2512255 രൂപയുടെ നഷ്ടം നഗരസഭയ്ക്ക് ഉണ്ടാകുന്നുണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.ഇത്തരത്തിൽ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിൽ ഓരോ വർഷവും നഗരസഭയ്ക്ക് വലിയ ബാധ്യത ഉണ്ടായിട്ടും സർക്കാർ ഉത്തരവ് (സാ .) 1275 /2009 / ത.സ്വ. ഭ . വ തീയ്യതി 30.05. 2009പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് , സംരക്ഷണം എന്നിവ ഗുണഭോക്തൃസമിതി രൂപീകരിച്ച് ഏൽപ്പിക്കേണ്ടതാണെന്ന് നിർദ്ദേശം പാലിച്ചിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 20/26.10.16) മേജർ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കുന്നതിന് സാധ്യമല്ലാത്തതിനാൽ ആയതിന്റെ ചെലവ് നഗരസഭ നേരിട്ട് നിർവ്വഹിക്കുന്നതിന് 12.05.17 ലെ 2(5) നം തീരുമാനമെടുക്കുകയും സാധൂകരണത്തിനായി സർക്കാറിലേക്ക് അപേക്ഷിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.താരതമ്യേനെ ചെറിയ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് , സംരക്ഷണം എന്നിവ ഗുണഭോക്തൃസമിതി രൂപീകരിച്ച് ഏൽപ്പിക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും വരവിന് ആനുപാതികമായി ചെലവുകൾ പരിമിതപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## **3-8** <u>ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കാൻ പാടില്ലാത്ത പ്രവൃത്തികൾ സമിതിയെ ഏല്പ്പിച്ചു</u>

ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കാവുന്ന പ്രവൃത്തികളെ സംബന്ധിച്ച സർക്കാർ പുറപ്പെടുവിച്ച 1/1559/2010/സി.ഇ/ത.സ്വ.ഭ.വ തീയതി 13.11.2014 നം.സർക്കുലറിലെ നിർദ്ദേശങ്ങളിൽ ക്രമ നം.1 പ്രകാരം പ്രവൃത്തി നടപ്പിലാക്കുന്നതുമൂലം പ്രയോജനം ലഭിക്കുന്ന പ്രദേശത്തെ ജനങ്ങളിൽ നിന്നും കൺവീനറെ തെരെഞ്ഞെടുക്കണമെന്നും ക്രമ നം 11 പ്രകാരം ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണം ഗുണഭോക്തൃ സമിതിയെ ഏല്പിക്കാൻ പാടില്ലെന്നും സ്പഷ്ടമാക്കിയിട്ടുണ്ട്.ആയതിനാൽ ബസ്സ് സ്റ്റാന്റ്,ഷോപ്പിങ് കോംപ്ലക്സ് എന്നിവയുടെ നിർമ്മാണത്തിലൂടെ ഒരു നിശ്ചിത പ്രദേശത്തെ ജനങ്ങൾക്കു മാത്രമായി പ്രയോജനം ലഭിക്കാത്തതിനാൽ ഇവയുടെ നിർമ്മാണവും ഗുണഭോക്തൃ സമിതിയെ ഏല്പിക്കാൻ പാടില്ല. എന്നാൽ കെ.പി തങ്ങൾ ബസ്സ് സ്റ്റാന്റിനു മുകളിൽ ഷീറ്റ് മേയൽ എന്ന പ്രവൃത്തി ഗുണഭോക്തൃ സമിതി മുഖേനയാണ് നടപ്പിലാക്കിയിട്ടുള്ളത്. തന്മൂലം മത്സര സ്വഭാവത്തിലുള്ള ക്വട്ടേഷൻ ലഭിക്കുന്നതിനുള്ള സാധ്യത നഷ്ടപ്പെടുത്തിയതായി ഓഡിറ്റ് വിലയിരുത്തുന്നു.പ്രൊജക്ടിന്റെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

പദ്ധതിയുടെ പേര് : കെ.പി തങ്ങൾ ബസ്സ് സ്റ്റാന്റിനു മുകളിൽ ഷീറ്റ് മേയൽ

പ്രൊജക്ട് നം. : 234/16, 84/17

അടങ്കൽ : 1232400

ചെലവ് : 806175

ബിൽ നം : 67/15-16//31.3.2016-355481രൂപ

: 78/16-17/31.3.2017- 450694 രൂപ

തൻവർഷം ആകെയുള്ള മരാമത്തു പ്രവൃത്തികളിൽ 'കളിസ്ഥലത്തിനു ചുറ്റുമതിൽ നിർമ്മാണം' എന്ന പ്രൊജക്റ്റ് മാത്രമാണ് ടെന്റർ ചെയ്തതായി കാണുന്നത്. ഇതാകട്ടെ 25% താഴ്ന്ന നിരക്കിലാണ് പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളത്.ഇപ്രകാരം ടെന്റർ നടപടികളിലൂടെ പ്രവൃത്തി നടപ്പിലാക്കി ഫണ്ട് ലാഭിക്കാമെന്നിരിക്കെ ആയത് നിർവ്വഹിക്കാതെ ബസ്സ് സ്റ്റാന്റിനു മുകളിൽ ഷീറ്റ് മേയൽ എന്ന പ്രവൃത്തി ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയിട്ടുള്ളത് ക്രമപ്രകാരമല്ല. ഇതു സംബന്ധിച്ച് 22/27.10.17നമ്പറായി ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 തെരുവു വിളക്കുകൾക്ക് മീറ്റർ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല.

നഗര സഭ 2016-17സാമ്പത്തിക വർഷത്തിൽ മീറ്ററിംഗ് ഇല്ലാത്ത തെരുവു വിളക്കുകളുടെ (കൺസ്യൂമർ നം 1165368000058)വൈദ്യുതി ചാർജ്ജിനത്തിൽ (145766*12) 1749192/-രൂപ കെ.എസ്.ഇ.ബി പട്ടാമ്പി ഇലക്ട്രിക്കൽ സെക്ഷനിൽ അടവാക്കിയിട്ടുണ്ട്. കെ.എസ്.ഇ.ബിയുടെ ഇൻവോയ്സ് ,രജിസ്റ്റർ എന്നിവ പ്രകാരമുള്ള തെരുവുവിളക്കുകളുടെഎണ്ണം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഇനം | വാട്ട് | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|---|
| 1 | ഡബിൾ ട്യൂബ്2*40 | 80 | 352 | 124 | 43648 |
| 2 | എസ് വി എൽ | 250 | 212 | 414 | 87768 |
| 3 | സി എഫ് എൽ 11*2 | 22 | 1025 | 14 | 14350 |
| 4 | ആകെ | | 1589 | | 145766 |

2015-16 ലും 2016-17 ലും ഡബിൾ ട്യൂബ് (2*40) പുതിയതായി വാങ്ങുകയോ,നിലവിലുള്ളവ റിപ്പയർ ചെയ്യുന്നതിന് തുക ചെലവഴിക്കുകയോ ചെയ്തിട്ടില്ല.ട്യൂബുകളുടെ പ്രവർത്തന ക്ഷമത 5000 മണിക്കൂർ മാത്രമാണെന്നിരിക്കെ നേരത്തെ നിലവിലുള്ളവയുടെ പ്രവർത്തനം ഇതിനകം നിലച്ചിട്ടുണ്ടായിരിക്കണം.എന്നാൽ

തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഡിമാന്റ് നോട്ടീസിൽ കെ.എസ്.ഇ.ബി ഡബിൾ ട്യൂബുകളുടെ എണ്ണം കൂടി ഉൾപ്പെടുത്തിയാണ് ചാർജ്ജ് ഡിമാന്റ് ചെയ്യുന്നത്.ആയതിനാൽ നിലവിൽ പ്രവർത്തിക്കാത്ത ഡബിൾ ട്യൂബ്(2*40)കളുടെ വൈദ്യുതി ചാർജ്ജ് അടവാക്കിക്കൊണ്ടിരിക്കുന്നത് മൂലം നഗരസഭയ്ക്ക് പ്രതിവർഷം (43648*12) 523776 രൂപയുടെ നഷ്ടം ഉണ്ടാകുന്നുണ്ടെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. തദ്ദേശ സ്ഥാപനങ്ങൾ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിലെ കൃത്യത ഉറപ്പുവരുത്തുനതിനായി മീറ്റർ സമ്പ്രദായം ഏർപ്പെടുത്താമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട് (കെ.എസ്.ഇ.ബി. ബോർഡ് സെക്രട്ടറിയുടെ.ബി.ഒ. (എഫ്. ബി.)നമ്പർ 496 / 2004 (എൽ.ജി /സി.ഒ .എം. 3515/ 98 തീയ്യതി 23.02.2004 നം ഉത്തരവ്.) നഗരസഭയും കെ.എസ്.ഇ .ബി . യുമായി സംയുക്ത പരിശോധന നടത്തി തെരുവുവിളക്കുകളുടെ നിജസ്ഥിതി തിട്ടപെടുത്തി സോഡിയം വേപ്പർ ലാമ്പ് 250 w , ഡബിൾ ട്യൂബ് ലൈറ്റ്ഉടങ്ങിയ ഉപയോഗക്ഷമത കുറവും ഊർജ്ജ ഉപഭോഗം കൂടുതലുള്ളതുമായ ബൾബുകൾക്ക് പകരം ഊർജ്ജ ഉപഭോഗം കുറവും വെളിച്ചം കൂടുതലുമുള്ള സി.എഫ്. എൽ , എൽ. ഇ.ഡി. ലാമ്പുകൾ എന്നിവ സ്ഥാപിച്ച് ഊർജ്ജ സംരക്ഷണം ഉറപ്പുപരുത്താൻ ശ്രദ്ധിക്കേണ്ടതാണ് . നിലവിലുള്ള തെരുവു വിളക്കുകളുടെ ഇനം ,എണ്ണം എന്നിവ പഞ്ചായത്തുതല ജനകീയ സമതി യോഗം ചേർന്ന് പരിശോധിച്ച് പ്രകാശിക്കുന്ന ഉപകരണങ്ങൾക്കുമാത്രം വൈദ്യുതി ചാർജ്ജ് അടയ്ക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും അടിയന്തിരമായി മീറ്ററിംഗ് സമ്പ്രദായത്തിലേക്ക് മാറേണ്ടതുമാണ്.

## **3-10** തെരുവ് നായ്ക്കളുടെ ജനന നിയന്ത്രണ പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

1.പ്രൊജക്റ്റ് നം. - 117/17- തെരുവ് നായ്ക്കളുടെ ജനന നിയന്ത്രണ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്റിനറി സർജ്ജൻ

അടങ്കൽ - രൂ. 3,50,000 (തനത് ഫണ്ട് )

ചെലവ്- രൂ. 3,50,000

ചെക്ക് നം. 6556667/ തീയതി 7-3-17 തുക- 350,000/-

2.പ്രൊജക്റ്റ് നം. - 210/17-

അടങ്കൽ - രൂ. 1,50,000 (പ്ലാൻ ഫണ്ട് )

ചെലവ്- രൂ. 1,50,000

ബിൽ നം. 2/16-17 തീയതി 7-3-17 തുക- 1,50,000/-

ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന പ്രൊജക്റ്റായ തെരുവ് നായ്ക്കളുടെ ജനന നിയന്ത്രണ പദ്ധതി എന്ന പദ്ധതിക്കു വേണ്ടി നഗരസഭയുടെ വികസനഫണ്ടിൽ

നിന്ന് 1,5,000/-രൂപയും തനത് ഫണ്ടിൽ നിന്ന് 3,50,000 രൂപയും കൂടി ആകെ 500000 രൂപ പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് അക്കൗണ്ട് ട്രാൻസ്ഫർ വഴി കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ പുരോഗതി റിപ്പോർട്ട്, തുകയുടെ വിനിയോഗ സാക്ഷ്യപത്രം തുക കൈപ്പറ്റ രസീതി എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേണത്തിന് (2/20.10.17) മറുപടി ലഭിച്ചില്ല. പദ്ധതി പൂർത്തിയാക്കി വിനിയോഗ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-11 കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗരേഖകൾ ഹാജരാക്കിയില്ല

പ്രൊജക്റ്റ് - 115/17

അടങ്കൽ - 1250000 (312500+312500+625000)

ചെലവ് - 312500

ബിൽ നമ്പർ -1 /16.2.17

പദ്ധതി പ്രകാരം 50 ഗുണഭോക്താക്കൾക്കായി 6250 പ്രകാരം നഗരസഭ വിഹിതമായി ₹ 312500/- രൂപ അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് പ്രോഗ്രാം പാലക്കാടിന് അക്കൗണ്ട് ട്രാൻസ്ഫർ വഴി നല്കിയിട്ടുണ്ട് (അക്കൗണ്ട് നമ്പർ-00008). തുക കൈപ്പറ്റിയതിന്റെ രേഖകളും പദ്ധതിതുക വിനിയോഗിച്ചതിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല. പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നു എന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതും വിനിയോഗ രേഖകൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.(ഓഡിറ്റ് അന്വേഷണം നം.2/20.10.17)

## 3-12 പ്രോജക്ട് ഓഫീസർ നഗര ദാരിദ്ര്യ നിർമ്മാർജ്ജനസെൽ - കൂടുതൽ പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്

പ്രോജക്ട് ഓഫീസർ നഗര ദാരിദ്ര്യ നിർമ്മാർജ്ജനസെൽ നിർവ്വഹണോദ്യോഗസ്ഥനായി

തൻവർഷം 2 ഭവനപുനരുദ്ധാരണപദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയിരിക്കുന്നത്. പട്ടാമ്പി നഗരസഭയുടെ പ്രത്യേക സാമ്പത്തിക സാമൂഹിക ചുറ്റുപാടുകൾ കണക്കിലെടുത്ത് കൂടുതൽ ഫലപ്രദമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്. വിദേശ രാജ്യങ്ങളിൽ നിന്നും ജോലി ഉപേക്ഷിച്ച് തിരികെ വന്നവർ അടക്കമുള്ള യുവജനങ്ങൾക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുതകുന്ന പദ്ധതികൾ, ഖരമാലിന്യസംസ്കരണ സംവിധാനങ്ങൾ ഒരുക്കുക തുടങ്ങി ദീർഘവീക്ഷണത്തോടെ പദ്ധതികൾ നടപ്പിലാക്കുന്നത് നഗരസഭയുടെ സമഗ്ര വികസനത്തിന് വഴി തെളിക്കുമെന്ന് വിലയിരുത്തുന്നു.

# 3-13 ഹോമിയോ ഡിസ്പെൻസറിയിലേക്കുള്ള മരുന്നുകൾ സമയബന്ധിതമായി ലഭ്യമാകുന്നില്ല

പ്രൊജക്ട് നം. - 269/2017

അടങ്കൽ - 300000 (വികസന ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ(ഹോമിയോ)

ചെലവ് - 300000 രൂപ

ബിൽ നമ്പർ

1. 1/16-17/30-1-2017=300000

2016-17 സാമ്പത്തിക വർഷത്തിൽ ഹോമിയോ ഡിസ്പെൻസറിയിലേക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനായി മനേജിംഗ് ഡയറക്ടർ, ഹോംകോയുടെ ബാങ്ക് അക്കൗണ്ടിലേക്ക് 300000/- രൂപ നല്കിയിട്ടുണ്ട്. ഇൻവോയിസ് നമ്പർ- പി.എഫ്.760/21.12.17 പ്രകാരം 25 ഇനം മരുന്നുകളാണ് ആവശ്യപ്പെട്ടത്. പദ്ധതി നടത്തിപ്പിനായി നാളിതുവരെ മരുന്നുകളൊന്നും തന്നെ ലഭ്യമായിട്ടില്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

മരുന്നുകൾ ലഭ്യമാകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി ഈ വിഷയം ഉന്നതാധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (7/23.10.17) മറുപടി ലഭിച്ചില്ല. മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-14 വെളിയിട വിസർജ്ജന വിമുക്ത പദ്ധതി (ODF)- പട്ടാമ്പി നഗരസഭയിൽ നടന്ന പ്രവർത്തനങ്ങളുടെ അവലോകനം

തുറസായ സ്ഥലത്ത് മലമൂത്ര വിസർജ്ജനമില്ലാത്ത നഗരസഭയായി പ്രഖ്യാപിക്കുന്നതിനായി ബേസ്‌ലൈൻ സർവ്വേ പ്രകാരം തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് കക്കൂസ് നിർമ്മാണത്തിനായി 15400/- രൂപ ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്. ശുചിത്വ മിഷൻ ജില്ലാ ഓഫീസിന്റെ 3.2.2016 ലെ 580/15 നം. ഉത്തരവിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ശുചിത്വ മിഷൻ മുഖേന കേന്ദ്ര വിഹിതമായി 5333/- രൂപ വീതം തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് നല്കുന്നതിനായി നഗരസഭയ്ക്ക് കൈമാറണമെന്നും നിബന്ധനയുണ്ടായിരുന്നു.

സർക്കാർ ഉത്തരവ്(സാധാ)നം. 2235/2016/തസ്വഭവ തിയ്യതി 25.7.2016 പ്രകാരം വികസനഫണ്ട് വകയിരുത്തുവാനാണ് നിർദ്ദേശിച്ചിരുന്നതെങ്കിലും വികസന ഫണ്ടിനോടൊപ്പം തനത് ഫണ്ടും വകയിരുത്തിയാണ് നഗരസഭ ഈ ആവശ്യത്തിനായി പ്രൊജക്റ്റ് ആവിഷ്കരിച്ചിട്ടുള്ളത്.

## എ. 2016-17 വർഷത്തിൽ പട്ടാമ്പി നഗരസഭയിൽ നടന്ന പ്രവർത്തനങ്ങളുടെ വിലയിരുത്തൽ

ബേസ്‌ലൈൻ സർവ്വേ പ്രകാരം നഗരസഭ 23 പേരുടെ ലിസ്റ്റ് തയ്യാറാക്കുകയും തൻവർഷത്തിൽ കക്കൂസ് നിർമ്മാണം പൂർത്തീകരിച്ച 21പേർക്ക് പൂർണ്ണമായും 2 പേർക്ക് ഭാഗികമായും ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്കായി ശുചിത്വമിഷനിൽ നിന്നും ലഭിച്ച് 799950 രൂപയിൽ നിന്ന് 122659 രൂപയും തനത്ഫണ്ടിൽ നിന്ന് 211407 രൂപയും ചെലവഴിച്ചിട്ടുണ്ട്. വകയിരുത്തിയ തുകകളുടെ ചെലവിന്റെ വിവരം താഴെ ചേർക്കുന്നു.

| ഫണ്ടിനം | ചെലവഴിച്ച തുക |
|---|---|
| തനത് ഫണ്ട് | 10067*21=211407 |
| ശുചിത്വമിഷൻ ഫണ്ട് | 5333*23=122659 |
| ആകെ | 334066 |

## ബി. കേന്ദ്ര വിഹിതം ലഭ്യമായതിന്റെ വിവരം

ഒ.ഡി.എഫ് പദ്ധതിക്കായി ശുചിത്വമിഷൻ മുഖേന 799950രൂപ കേന്ദ്ര ഫണ്ടായി ലഭ്യമായിട്ടുണ്ട്. ടി തുക നഗരസഭയുടെ സ്വച്ഛ്ഭാരത് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. (ഐ.സി.ഐ.സി.ഐ.ബാങ്ക്-അക്കൗണ്ട് നം.117405000446)

സി. വെളിയിട വിസർജ്ജന വിമുക്ത ഗ്രാമപഞ്ചായത്ത്

05.12.2016 ൽ നഗരസഭ സമ്പൂർണ്ണ വെളിയിട വിസർജ്ജന വിമുക്ത പഞ്ചായത്തായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്.

ഡി. ഓഡിറ്റ് നിരീക്ഷണം

വികസന ഫണ്ട് മാത്രം വകയിരുത്തുന്നതിനു പകരം തനത്ഫണ്ട് തുക കൂടി ഉൾപ്പെടുത്തി പദ്ധതി ആവിഷ്കരിച്ചതുമൂലം നഗരസഭയുടെ തനത് ഫണ്ടിന് അധിക ബാധ്യത ഉണ്ടായതായി വിലയിരുത്തുന്നു.

ഇ. ഓഡിറ്റ് നിർദ്ദേശം

ഭാഗികമായി ധനസഹായം കൈപ്പറ്റി കക്കൂസ് നിർമ്മാണം പൂർത്തീകരിക്കാത്തവരുടെ പണി പൂർത്തീകരിക്കാത്തപക്ഷം കൈപ്പറ്റിയ ധനസഹായം തിരികെ ഈടാക്കേണ്ടതാണ്.

തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.(ഓഡിറ്റ് അന്വേഷണം നം.14/24.10.17)

## 3-15 മരാമത്ത് പ്രവൃത്തികൾ ഇ- ടെന്റർ ചെയ്യുമ്പോൾ ടെന്റർ ഫോറം വില നഗരസഭയ്ക്ക് ലഭിക്കുന്നില്ല.

5 ലക്ഷത്തിനു മുകളിൽ അടങ്കലുള്ള മരാമത്ത് പ്രവൃത്തികൾക്ക് ഇ-ടെന്റർ നടപടിയാണ് സ്വീകരിക്കുന്നത്. എന്നാൽ ടെന്റർ ഫോറം വില നഗരസഭയുടെ തനതുഫണ്ടിലേക്ക് ലഭിക്കുന്നതിനു പകരം എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൌണ്ടിലാണ് നിക്ഷേപിക്കപ്പെടുന്നത്. തൻവർഷം ഇ-ടെന്റർ ചെയ്ത പ്രവൃത്തിയുടെയും ടെന്റർ ഫോറം വിലയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ലഭിച്ച ടെന്റർ ഫോറംഎണ്ണം | ടെന്റർ ഫോറം വില | വാറ്റ് |
|---|---|---|---|---|
| 1 | കളിസ്ഥലത്തിന് ചുറ്റുമതിൽ നിർമ്മാണം 96/17(പൈക്ക) അടങ്കൽ- 530000 | 3 | 3300 | 165 |

| | | | | |
|---|---|---|---|---|
| ആകെ | | | 3300 | 165 |

നഗരസഭയ്ക്ക് ലഭിക്കേണ്ട തുകകൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 21/27.10.2017 ) മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭയ്ക്കു ലഭിക്കേണ്ട ടെന്റർ ഫോറം വില ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 3-16 ഡെപ്പോസിറ്റ് പ്രവർത്തികൾ പൂർത്തീകരണ ,വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

താഴെ പറയുന്ന പ്രവർത്തികൾക്കായി KSEB ഇലക്ട്രിക്കൽ സെക്ഷൻ പട്ടാമ്പി അസി എഞ്ചിനീയറുടെ കാര്യാലയത്തിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| ക്രമ നം | പ്രൊജക്ട് നം, പേര് | ബിൽ നം/തിയ്യതി | തുക |
|---|---|---|---|
| 1 | 10/16-17വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ | 1)21601781/02.03.17<br>2)21601853/18.03.17<br>3)21601854/18.03.17<br>4)21601747/25.02.17<br>5)21601748/25.02.17<br>ആകെ | 50952<br>13127<br>18318<br>48719<br>115499<br>246615 |
| 2 | 20/16-17 പുതിയ മാർക്കറ്റ് കെട്ടിടത്തിന് വൈദ്യുതി കണക്ഷൻ | 1) 21601616/7.2.17<br>2)21601617/7.2.17 | 65920<br>15000<br>80920 |
| 3 | ആകെ | | 327535 |

സ.ഉ(എം.എസ്)നം.4/2016/ത.സ്വ.ഭ.വ തിയതി 11-1-2016 പ്രകാരം പുറപ്പെടുവിച്ച 2016-17 വർഷത്തേക്കുള്ള പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.15(x)(സി) അനുസരിച്ച് വൈദ്യുതി ബോർഡുമായി കരാറിൽ ഏർപ്പെട്ട ശേഷം മാത്രമേ മുൻകൂർ അനുവദിക്കാവൂ എന്ന് വ്യവസ്ഥയുണ്ട്. ആയതനുസരിച്ച് എഗ്രിമെന്റ് വെക്കാത്തതിനാൽ പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച നഗരസഭയ്ക്ക് യാതൊരു ഉറപ്പുമില്ലാത്ത

സ്ഥിതിയാണുള്ളത്.ആയതിനാൽ പ്രസ്തുത പ്രവൃത്തികളുടെ പൂർത്തികരണ,വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും സർക്കാർ ഉത്തരവ് പാലിച്ച് പദ്ധതി നടപ്പിലാക്കുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-17 IAY വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

IAY വിഹിതം നൽകൽ പ്രൊജക്ടുകളുടെ ഭാഗമായി പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൌണ്ടിലേക്ക് (നം799011400000987-സബ് ട്രഷറി-പട്ടാമ്പി ) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുകകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നം, പേര് | ബിൽ നം/തീയ്യതി | തുക |
|---|---|---|
| 322/16-17, ഐ എ വൈ വിഹിതം (എസ് സി പി) | 12/16-17/25.02.17<br>21602028/31.03.17(തനതു ഫണ്ട്) | 820290<br>4710 |
| ആകെ | | 825000 |

ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-18 പാലിയേറ്റീവ് കെയർ പ്രവർത്തനം -അവലോകനം

പ്രോജക്ട് നം- 266/17സമഗ്ര പാലിയേറ്റീവ് പരിചരണപദ്ധതി (ഒന്നാം ഘട്ടം),പ്രോജക്ട് നം- 267/17സമഗ്ര പാലിയേറ്റീവ് പരിചരണപദ്ധതി (രണ്ടാം ഘട്ടം), എന്നിങ്ങനെ രണ്ട് പ്രോജക്ടുകളിലായി ആകെ 7 ലക്ഷം രൂപവകയിരുത്തിയാണ് താലൂക്ക് ആശുപത്രി മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി പാലിയേറ്റീവ് പരിചരണ പരിപാടികൾ നടപ്പിലാക്കിയിരിക്കുന്നത്. ഫണ്ട് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | ഒന്നാം ഘട്ടം | രണ്ടാം ഘട്ടം |
|---|---|---|
| വികസനഫണ്ട്-ജനറൽ | 465062 | 200000 |
| ധനകാര്യകമ്മീഷൻ തുക | 14774 | - |
| തനത് ഫണ്ട് | 20164 | - |

ഇതിൽ ആകെ 666085 രൂപ ചെലവഴിച്ചിട്ടുണ്ട്.പ്രാഥമിക യൂണിറ്റിൽ 33കിടപ്പിലായ

രോഗികളും 71 തുടർ ചികിത്സകൾ ആവശ്യമുള്ള രോഗികളും ഉണ്ട്. ദ്വിദീയ യൂണിറ്റിൽ കിടപ്പിലായ രോഗികളുടെ എണ്ണം 40 ഉം തുടർ ചികിത്സകൾ ആവശ്യമുള്ളവർ 47 ഉം ആണ്. പാലിയേറ്റീവ് കെയർ നഴ്സ് ഹോണറേറിയം ,വാഹനം, ഭക്ഷണം, മരുന്ന് രോഗീബന്ധു സംഗമം എന്നീ പ്രധാന ഭൗതികലക്ഷ്യങ്ങളിലാണ് പ്രോജക്ട് രൂപീകരിച്ചത്. കുടുംബ സംഗമങ്ങൾ, കിടപ്പിലായവരുടെ മാനസികോല്ലാസത്തിനായി അവരെ പങ്കെടുപ്പിച്ചു കൊണ്ടു നടത്തിയ കലാസംഗമങ്ങൾ, ശാരീരിക വെല്ലുവിളികൾ നേരിടുന്നവരെ പങ്കെടുപ്പിച്ചു കൊണ്ട് ഗുരുവായൂർ ക്ഷേത്രത്തിലേക്ക് നടത്തിയ യാത്ര തുടങ്ങിയവ പ്രത്യേകം എടുത്തു പറയേണ്ടവയാണ്.ഗൃഹപരിചരണം ആവശ്യമായ 118 പേരെ ഫോളോഅപ്പ് ഹോം കെയർ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ഗൃഹപരിചരണം തുടർന്നു വരുകയും ചെയ്യുന്നുണ്ട്. ദിവസത്തിൽ ഒരു തവണയും ആഴ്ചയിൽ 2 മുതൽ 4 തവണയും മാസത്തിൽ ഒരു ദിവസം വീടുകൾ സന്ദർശിച്ച് പരിചരണ പ്രവർത്തനങ്ങൾ നടത്തുകയും ആയത് പ്രതിമാസ യോഗങ്ങളിൽ വിശകലനം നടത്തി ആവശ്യമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. പാലിയേറ്റീവ് പരിചരണ പദ്ധതി തുടർന്നുവരുന്നതിനാൽ വാഹന വാടകയിനത്തിൽ ചെലവഴിക്കുന്ന ഭീമമായ തുക കുറവു ചെയ്യുന്നതിനായി പൊതുജനങ്ങളുടെ സഹകരണത്തോടെയോ സന്നദ്ധസംഘടനകളുടെ സഹായത്തോടെയോ ഒരു വാഹനം ലഭ്യമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. 29-10-2015 ലെ സ.ഉ(സാധാ)നം. 3217/2015/തസ്വഭവ ഉത്തരവിൽ വാഹനം വാങ്ങുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-19 കുടുംബശ്രീ -ചെലവഴിക്കാനാവാത്ത തുകകൾ തിരിച്ചടക്കേണ്ടതാണ്

നഗരസഭ കുടുംബശ്രീ ചാർജ്ജ് ഓഫീസർ / സി.ഡി.എസ് ചെയർപേഴ്സൺ -ന്റെ പേരിലുള്ളതും പട്ടാമ്പി സർവ്വീസ് സഹകരണ ബാങ്കിൽ സൂക്ഷിച്ചിരിക്കുന്നതുമായ അക്കൗണ്ട് നം .5574 ൽ 2016-17 സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ ആകെ 1138340 രൂപ നീക്കിയിരുപ്പുള്ളതായി കാണുന്നു. ഈ തുകയിൽ മുൻവർഷങ്ങളിൽ കേന്ദ്ര -സംസ്ഥാന സർക്കാരുകളിൽ നിന്നും വിവിധ പദ്ധതികൾക്കായി ലഭിച്ച താഴെ പറയുന്ന

ഫണ്ടുകൾ ഉൾപ്പെടുന്നു.

| | |
|---|---|
| എസ്.സി.എ ഫണ്ട് | 205680 |
| ആശ്രയ പഞ്ചായത്ത് ഫണ്ട് | 406938 |
| മാച്ചിംഗ് ഫണ്ട് | 1208 |
| റിവോൾവിംഗ് ഫണ്ട് | 90000 |
| എ.എച്ച്.ടി | 11350 |

മേൽ ഫണ്ടുകൾ ലഭ്യമായതിന്റെ കൃത്യമായ വിവരങ്ങൾ ഇല്ല. മുൻവർഷങ്ങളിൽ ലഭ്യമായതും ഉപയോഗിക്കാനാവാതെ കിടക്കുന്നതുമായ ഈ ഫണ്ടുകൾ അതത് സ്ഥാപനങ്ങളിലേക്ക് തിരികെ അടയ്ക്കുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഒന്നുമില്ല

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

വിവിധ പ്രവൃത്തികൾക്കായി തൻവർഷം 327535 രൂപ കേരള ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ചിട്ടുണ്ട്.വിശദവിവരം താഴെകൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തി യുടെ പേര് | വൌച്ചർ നം. | അനുവദിച്ച തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 10/16-17 വിവിധ | 1)21601781/02.03.17 | | 50952 | | |

| | | | | | | |
|---|---|---|---|---|---|---|
| | വാർഡുകളിൽ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ | 2)21601853/18.03.17<br>3)21601854/18.03.17<br>4)21601747/25.02.17<br>5)21601748/25.02.17<br>ആകെ | | 13127<br>18318<br>48719<br>115499<br>246615 | | |
| | 20/16-17 പുതിയ മാർക്കറ്റ് കെട്ടിടത്തിന് വൈദ്യുതി കണക്ഷൻ | 1) 21601616/7.2.17<br>2. 21601617/7.2.17 | 80920 | 65920<br>15000<br>80920 | | 0 |
| ആകെ | | | | 327535 | | |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്

ഒന്നുമില്ല

# 4-4 വായ്പ/വായ്പ തിരിച്ചടവ്

(i) വായ്പയുടെ വിവരം

ഒന്നുമില്ല

(ii) വായ്പ തിരിച്ചടവിന്റെ വിവരം.

ഒന്നുമില്ല

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം 3992രൂപ ഈടാക്കിയിട്ടുണ്ട്.എന്നാൽ ഏതു ഖണ്ഡികകളിലെ പരാമർശത്തിന്മേലാണ് തുക ഒടുക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുന്ന വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. രശീതി പ്രകാരമുള്ള വിവരങ്ങൾ താഴെകൊടുക്കുന്നു.

| ക്രമ നം | ഓഡിറ്റ് റിപ്പേർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദി | ഈടാക്കിയ തുക | രശീതി നമ്പർ/ തിയതി |
|---|---|---|---|---|---|
| 1 | 1997-98 മുതൽ 2002-03 വരെ | ഭാഗം iii | അസി.എഞ്ചിനീയർ നൌഷാദ് എന്ന വ്യക്തിയാണ് തുക ഒടുക്കിയിട്ടുള്ളത് | 3992 | 11601103865/ 10.8.2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം , ഖണ്ഡിക നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2002-03, 2-7 | 2006-07 3.65.1 | ഷോപ്പിങ് കോംപ്ലക്സ് വാർഷിക വാടക വർധനവ് വരുത്തിയില്ല. 657288 രൂപ നഷ്ടം | അക്കൌണ്ട്സ് കമ്മിറ്റി നാളിതുവരെ വിഷയം പരിഗണിച്ചിട്ടില്ല. |

## 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3)പ്രകാരം ഗ്രാമ പഞ്ചായത്ത് ആശുപത്രി

വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാറ്റേർഡ് അക്കൗണ്ടിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ നിലവിലുള്ള ആശുപത്രിവികസന സമിതികളുടെ വാർഷിക വരവു ചെലവു കണക്കുകൾ കമ്മിറ്റി അംഗീകരിച്ച് അടുത്ത സാമ്പത്തിക വർഷാരംഭത്തിൽ തന്നെ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 78756200 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 68044888 |
| വരവിനങ്ങളിലുള്ള നഷ്ടം | 1168 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 50412 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9687441 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 1168 | രാജ്മോഹൻ പോറ്റി |
| 3-5 | 200 | ഫിലിപ്പോസ് പണിക്കർ മുൻസിപ്പൽ എഞ്ചിനിയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-1 | 59224 | അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-4 | 144090 | ശ്രീ രാജ്മോഹൻ പോറ്റി സെക്രട്ടറി |
| 3-6 | 9484127 | ശ്രീമതി ഉഷാകുമാരി പി ജി<br>ശ്രീ ഫിലിപ്പോസ് പണിക്കർ സി മുൻസിപ്പൽ എഞ്ചിനിയർമാർ<br>ശ്രീ ഷാജി യു വി അസിസ്റ്റന്റ് എഞ്ചിനിയർ |
| ആകെ | 9687441 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3എ,ബി | വാറ്റ്-27200 | ശ്രീ രാജ്മോഹൻ പോറ്റി-30312<br>ശ്രീമതി സീന എച്ച് -20100 |
| 3-3എ,ബി.സി | ആദായനികുതി-11606 | |
| 3-3എ,ബി.സി | ക്ഷേമനിധി-11606 | |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ഫിലിപ്പോസ് പണിക്കർ സി മുൻസിപ്പൽ എഞ്ചിനിയർ | സസ്പെൻഷൻ | മേച്ചിറയിൽ,ചങ്ങായിമുക്ക് ,പെരുമ്പുഴ (po) കൊല്ലം |
| ശ്രീ രാജ്മോഹൻ പോറ്റി- | സെക്രട്ടറി, ഇളകമൺ ഗ്രാമപഞ്ചായത്ത്, | ശ്രീരാഗം വീട്, ചെറുകുന്നം, വർക്കല പിഓ, |

| | | |
|---|---|---|
| സെക്രട്ടറി | തിരുവനന്തപുരം. | തിരുവനന്തപുരം. |
| ശ്രീമതിസീന എച്ച്<br>സെക്രട്ടറി | സെക്രട്ടറി, പട്ടാമ്പി നഗരസഭ | ആശാനിലയം, ഗണേശഗിരി പിഒ, ഷൊറണ്ണൂർ |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി8-2001/01 /11-6-2001 | 12 |
| 1997-98 | എൽ.എഫ്.പി18-2007/01 / 4-5-2001 | 16 |
| 1998-99 | എൽ.എഫ്.പി8-344/06 / 26-6-2006 | 16 |
| 1999-2000 | എൽ.എഫ്.പി13-604/03 / 31-12-2005 | 9 |
| 2000-01 | എൽ.എഫ്.പി13-577/10 / 22-10-2010 | 18 |
| 2001-02 | എൽ.എഫ്.പി13-603/05 / 16-09-2006 | 9 |
| 2002-03 | എൽ.എഫ്.പി13-110/12/ 8-02-2012 | 10 |
| 2003-04 | എൽ.എഫ്.പി13-1689/07/ 16-03-2012 | 8 |
| 2004-05 | എൽ.എഫ്.പി13-1689/07/ 16-03-2012 | 9 |
| 2005-06 | എൽ.എഫ്.പി13-1415(1)/12/ 3-10-2012 | 10 |
| 2006-07 | എൽ.എഫ്.പി13-1415(21)/12/ 3-10-2012 | 4 |
| 2007-08 | എൽ.എഫ്.പി13-1415(3)/12/ 3-10-2012 | 11 |
| 2008-09, 2009-10 & 2010-11 | എൽ.എഫ്.പി13-102/15/ 8-4-15 | 11 |
| 2011-12 | എൽ.എഫ്.പി13-1809/13/18-3-2014 | 4 |
| 2012-13 | എൽ.എഫ്.പി13-874/15/ 31-6-15 | 10 |
| 2013-14& 2014-15 | എൽ.എഫ്.പി18-1879/15/ 7-4-2016 | 27 |
| 2015-16 | കെ.എസ്.എ പി.കെ.ഡി 22/166 | 15 |

| | | | |
|---|---|---|---|
| | /17/14.02.17 | | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-പികെഡി-22-2011/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്

തിയതി 20.11.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ പട്ടാമ്പി നഗരസഭയുടെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷ്യപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പട്ടാമ്പി നഗരസഭയുടെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

അപാകതകളുടെ സംക്ഷിപ്തം

1.ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.

2. വസ്തു നികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല

3. ഡി & ഒ, വാടക, ലേലം, തൊഴിൽ നികുതി,കെട്ടിട നിർമ്മാണാനുമതിഎന്നിവയുടെ ഡിമാന്റ് രജിസ്റ്ററുകളിൽ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

4. അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല.

5.സഞ്ചയ ,സാംഖ്യ സോഫ്റ്റ് വെയറുകളുടെ ഇന്റഗ്രേഷൻ നടത്തിയിട്ടില്ല

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD-22-2011/2017

Kerala State Audit Department

District Audit Office,Palakkad

Date 20.11.2017.

## Audit Certificate

Certified that I have audited the Annual Financial Statement of Pattambi Muncipality in Palakkad District for the year ended on 31-3-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 295 of the Kerala Municipality Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Pattambi Municipality for the year 2016-17 except the observations attached with this certificate properly presents the picture of income and expenditure.

Senior Deputy Director

## Abstract of Defects

1. Asset value not updated and linked with Sankhya.

2. Demand and Arrear Demand Registers of Property Tax not perpared and certified by the Sercretary.

3. Abstracts not prepared and certified in demand registers of D& O, Rent & Auction ,profession tax And building permit

4. Advance and deposit registers are not prepared.

5. Integration of sanchaya and sankhya softwares are not done.

Senior Deputy Director.

# അനുബന്ധം-2

## കൺവീനർ പ്രവൃത്തികൾക്ക് ചെലവിന്റെയും നടപടിക്രമങ്ങളുടെയും രേഖകൾ ഹാജരാക്കിയില്ലാത്ത ഫയലുകൾ

| ക്രമനം | പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|---|---|
| 1 | വള്ളൂർ അങ്കണവാടി റൂഫിങ് & അറ്റകുറ്റപ്പണി ( 280/17) | 150000 | 148169 | 81& 82/16-17/ 31.3.2017 |
| 2 | ലിബർട്ടി റോഡ് ഡ്രൈനേജ് നിർമ്മാണം (225/17) | 100000 | 90686 | 62/16-17/ 28.3.2017 |
| 3 | ആമയൂർ ഗുരിതിയൻകാവ് റോഡ് കോൺക്രീറ്റിങ് ( 137/17) | 250000 | 249865 | 58& 59/16-17 28.3.2017 |
| 4 | കരങ്കറോഡ്സൈഡ് കെട്ടിഅഭിവൃദ്ധിപ്പെടുത്തൽ (196/17) | 175000 | 171500 | 49/16-17 /28.3.2017 |
| 5 | മാർക്കറ്റ് യാർഡ് കോൺക്രീറ്റിങ്(325/17) | 475000 | 445047 | 20/16-17 20.3.2017 |
| 6 | ദയാനന്ദൻ പടി റോഡ് കോൺക്രീറ്റിങ്(186) | 100000 | 98848 | 21/16-17/ 20.3.2017 |
| 7 | സെയ്തു ഹാജി നഗർ കോൺക്രീറ്റിങ്(199/17) | 210000 | 203721 | 22/16-17 20.3.2017 |
| 8 | സെയ്തു ഹാജി ഹൈദ്രോസ് പടി റോഡ് കോൺക്രീറ്റിങ് (219/17) | 200000 | 185269 | 23/16-17/ 20.3.2017 |
| 9 | സലഫി മസ്ജിദ് -അബൂട്ടി റോഡ് കോൺക്രീറ്റിങ്(154/17) | 100000 | 99535 | 24/16-17/ 20.3.2017 |

| | | | | |
|---|---|---|---|---|
| 10 | ഇരട്ടയിൽ വീട്ടു മുതൽ കെ.പി.ഹംസ വീട്ടുവരെ കോൺക്രീറ്റിങ്(166/17) | 150000 | 138589 | 25/16-17/ 20.3.2017 |
| 11 | ആനങ്ങാട്ടുകുളം ളുപ്പിൽ കോളനി റോഡ് കോൺക്രീറ്റിങ്(176/17) | 225000 | 224238 | 27/16-17/ 20.3.2017 |
| 12 | ചോലയിൽ കോളനി സുബ്രഹ്മണ്യൻപടി അനിപ്പടി റോഡ് കോൺക്രീറ്റിങ്(32/17) | 273000 | 263503 | 1/16-17/ 12.1.2017 |
| 13 | പടിയാത്തു നഗർ മദ്രസ അനങ്ങാട്ടുകുളം ഡ്രൈനേജ് (179/17) | 225000 | 224829 | 28/16-17/ 20.3.2017 |
| 14 | ശങ്കരൻപടി റോഡ് കോൺക്രീറ്റിങ്(185/17) | 100000 | 98848 | 29/16-17/ 20.3.2017 |
| 15 | പൊന്നചേച്ചി റോഡ് കോൺക്രീറ്റിങ്(184/17) | 235000 | 233569 | 30/16-17/ 20.3.2017 |
| 16 | ചെറൂളിപ്പറമ്പ് മലബാർ മോൻ റോഡ് കോൺക്രീറ്റിങ്(195/17) | 100000 | 98848 | 31/16-17/ 20.3.2017 |
| 17 | ആന്തൂർ പള്ള്യാൽ അംഗൻവാടി റോഡ് കോൺക്രീറ്റിങ്(193/17) | 150000 | 148273 | 32/16-17/ 20.3.2017 |
| 18 | കൌൺസിലർ വീട്ടു മുതൽ ഉണ്ണി വീട്ടുവരെ റോഡ് കോൺക്രീറ്റിങ്(192/17) | 235000 | 234577 | 33/16-17/ 20.3.2017 |
| 19 | ളുപ്പിൽ കോളനി ലിങ്ക് റോഡ് കോൺക്രീറ്റിങ്(190/17) | 100000 | 99535 | 35/16-17/ 20.3.2017 |
| 20 | മാനപ്പടി വാട്ടർ ടാങ്ക് മുതൽ പൂവക്കോട് റോഡ് സൈഡ് സംരക്ഷണം& കോൺക്രീറ്റിങ് (141/17) | 300000 | 290335 | 36/16-17/ 28.3.2017 |
| 21 | തോണിക്കടവ് റോഡ് കോൺക്രീറ്റിങ്(197/17) | 275000 | 274653 | 37/16-17/ 28.3.2017 |
| 22 | ചിറ്റാനിപ്പാറ രവി റോഡ് കോൺക്രീറ്റിങ്(162/17) | 100000 | 99656 | 31/16-17/ 20.3.2017 |
| 23 | സ്വാമി റോഡ് ഡ്രൈനേജ് നിർമ്മാണം(182/17) | 300000 | 288349 | 39/16-17/ 28.3.2017 |

| | | | | |
|---|---|---|---|---|
| 24 | പ്രസന്ന റോഡ് കോൺക്രീറ്റിങ്(187/17) | 200000 | 198328 | 40/16-17/ 28.3.2017 |
| 25 | കുട്ടിക്കോളനി ലിങ്ക് റോഡ് കോൺക്രീറ്റിങ്(188/17) | 100000 | 82414 | 41/16-17/ 28.3.2017 |
| 26 | സുന്നി മസ്ജിദ് അഷ്റഫ് പടി റോഡ് കോൺക്രീറ്റിങ്(234/17) | 200000 | 199069 | 42/16-17/ 28.3.2017 |
| 27 | ആലിക്കൽ സുബൈർപടി റോഡ് കോൺക്രീറ്റിങ്(334/17) | 200000 | 192708 | 43/16-17/ 28.3.2017 |
| 28 | സ്നേഹവീഥി റോഡ് കോൺക്രീറ്റിങ്(233/17) | 200000 | 199069 | 40416-17/ 28.3.2017 |
| 29 | മേലേപ്പാട്ടുതൊടി അലിപ്പടി റോഡ് കോൺക്രീറ്റിങ്(22/17) | 215000 | 214496 | 516-17/ 30.1.2017 |
| 30 | ആമയൂർ വിഷ്ണുക്ഷത്രം റോഡ് കോൺക്രീറ്റിങ്(21/17) | 490000 | 489381 | 4/16-17/ 30.1.2017 |
| 31 | ചാലിയാട് റോഡ് പതിയിൽ ഹസ്സൻ റോഡ് കോൺക്രീറ്റിങ്(140/17) | 300000 | 299519 | 4516-17/ 28.3.2017 |
| 32 | പുല്ലാനിക്കാട്ടിൽ മനോഹരൻപടി റോഡ് കോൺക്രീറ്റിങ്(235/17) | 250000 | 249673 | 46/16-17/ 28.3.2017 |
| 33 | നൂറുൾ ഇസ്ലാം പള്ളി റോഡ് കോൺക്രീറ്റിങ്(194/17) | 150000 | 149859 | 48/16-17/ 28.3.2017 |
| 34 | കുളപ്പുറം പാപ്പാലപ്പടി മുതൽ പത്താംക്കുളം ക്ഷേത്രം റോഡ് കോൺക്രീറ്റിങ്(231/17) | 100000 | 99992 | 50/16-17/ 28.3.2017 |
| 35 | പ്രദീപ്തിപ്പടി റോഡ് കോൺക്രീറ്റിങ്(229/17) | 150000 | 147585 | 51/16-17/ 28.3.2017 |
| 36 | കളത്തിൽ മണികണ്ഠൻ റോഡ് കോൺക്രീറ്റിങ്(171) | 150000 | 100668 | 52/16-17/ 28.3.2017 |
| 37 | മഠത്തിൽ ഹസ്സൻപടി സെയ്തുപടിവരെ റോഡ് കോൺക്രീറ്റിങ്(143/17) | 75000 | 74137 | 53/16-17/ 28.3.2017 |
| 38 | ചോരക്കുന്ന് കെ.ടി.ബാലൻപടി റോഡ് | 90000 | 89874 | 54/16-17/ |

| | | | | |
|---|---|---|---|---|
| | കോൺക്രീറ്റിങ്(158/17) | | | 28.3.2017 |
| 39 | പുല്ലാനിറോഡ് കോൺക്രീറ്റിങ്(320/17) | 50000 | 37785 | 55/16-17/ 28.3.2017 |
| 40 | എം.എൽ.എ . രാമകൃഷ്ണൻ നായർപടി റോഡ് കോൺക്രീറ്റിങ്(335/17) | 100000 | 99247 | 56/16-17/ 28.3.2017 |
| 41 | സരസ്വതിപടി റോഡ് കോൺക്രീറ്റിങ്(243/17) | 200000 | 198849 | 57/16-17/ 28.3.2017 |
| 42 | സ്കൂൾപടി ഭാഗം കോൺക്രീറ്റിങ്(159/17) | 100000 | 98161 | 61/16-17/ 28.3.2017 |
| 43 | പി.കെ.മണിമൂപ്പർ മുതൽ മുടന്നയിൽ വീട് വരെ റോഡ് കോൺക്രീറ്റിങ്(167/17) | 100000 | 99535 | 63/16-17/ 28.3.2017 |
| 44 | നാണമ്പത്തൊടി എസ്.സി.കോളനി ഡ്രൈനേജ് നിർമ്മാണം( 35/17) | 100000 | 99107 | 6/16-17/ 16.3.2017 |
| 45 | പുതുമനപ്പടി റോഡ് കോൺക്രീറ്റിങ്(230/17) | 750000 | 74137 | 66/16-17/ 30.3.2017 |
| 46 | അംഗൻവാടിറോഡ് സൈഡ് കെട്ടൽ(198/17) | 150000 | 149127 | 67/16-17/ 30.3.2017 |
| 47 | പോസ്റ്റോഫീസ് ഹനീഫ പടി മാർക്കറ്റ്റോഡ് കോൺക്രീറ്റിങ്(215/17) | 85000 | 84379 | 68/16-17/ 30.3.2017 |
| 48 | വള്ളൂർ ലീല ടീച്ചർ പടി റോഡ് കോൺക്രീറ്റിങ്(139/17) | 150000 | 149301 | 69/16-17/ 30.3.2017 |
| 49 | കെ.പി.അബുപ്പടി കീരിത്തൊടി മാനട്ടി റോഡ് കോൺക്രീറ്റിങ്(168/17) | 200000 | 199445 | 70/16-17/ 30.3.2017 |
| 50 | കൊളമ്പിൽ സെയ്തലവിപ്പടി ആനങ്ങാട്ടുകുളം റോഡിൽ ഡ്രൈനേജ് (25/17) | 266000 | 252066 | 71/16-17/ 30.3.2017 |
| 51 | കള്ളിക്കാട് റോഡ് -അബ്ദുൾ റഹ്മാൻ വീട് റോഡ് കോൺക്രീറ്റിങ്(153/17) | 100000 | 94686 | 74/16-17/ 30.3.2017 |

| | | | | |
|---|---|---|---|---|
| 52 | പാരക്കാട് കോളനി കോൺക്രീറ്റിങ് (238/17) | 150000 | 149147 | 76/16-17/ 30.3.2017 |
| 53 | കൊഴിഞ്ഞിപ്പള്ളിയാൽ റോഡ് കോൺക്രീറ്റിങ്(345) | 200000 | 199756 | 77/16-17/ 30.3.2017 |
| 54 | കൊളമ്പിൽസെയ്തലവിപ്പടി മുതൽ മുജീബ് വീട് വരെ ഡ്രൈനേജ് കോൺക്രീറ്റിങ്(180/17) | 250000 | 177341 | 79/16-17/ 30.3.2017 |
| 55 | കക്കാട് റോഡ് കോൺക്രീറ്റിങ്(347/17) | 125000 | 124844 | 80/16-17/ 31.3.2017 |
| | ആകെ | | 9484127 | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.